# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 21, വെള്ളി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--273]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| കൃഷി വകുപ്പ് മന്ത്രി | : 5147 മുതൽ 5227 വരെ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി | : 5228 മുതൽ 5301 വരെ |
| ഗതാഗത വകുപ്പ് മന്ത്രി | : 5302 മുതൽ 5357 വരെ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി | : 5358 മുതൽ 5387 വരെ |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി | : 5388 മുതൽ 5419 വരെ |

## കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ

5147 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത കമ്മീഷൻ മുഖാന്തരം നൽകി വരുന്നത്; വിശദമാക്കാമോ?

## കാർഷിക കൂട്ടായ്മകൾ രൂപീകരിക്കുവാൻ നടപടി

5148 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ വി ശശി**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സമൂഹത്തിലെ എല്ലാ വിഭാഗത്തിലുള്ളവരെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കേണ്ടതിന്റെ

ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) കാർഷിക മേഖലയിലെ ഉത്പാദന വിപണന സംവിധാനം മെച്ചപ്പെടുത്തുന്നതിനായി കാർഷിക കൂട്ടായ്മകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) കാർഷികോല്പന്നങ്ങളുടെ വിപണന ശൃംഖല ശക്തമാക്കുന്നതിന് കാർഷിക കൂട്ടായ്മകളുടെ പ്രവർത്തനം എത്രത്തോളം സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ കർഷകർക്കുള്ള എല്ലാ പദ്ധതികളും സാമ്പത്തിക സഹായങ്ങളും പൂർണ്ണമായി വിനിയോഗിക്കുന്നതിനും ഫലപ്രദമാക്കുന്നതിനും കാർഷിക കൂട്ടായ്മയിലൂടെ സാധ്യമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## കാർഷിക മേഖലയുടെ പുരോഗതിക്ക് കതിർ പദ്ധതി

5149 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക-കാർഷികേതര വിഭവ സ്രോതസ്സുകളുടെ വിവരശേഖരണം നടത്തി നയങ്ങളും പദ്ധതികളും രൂപീകരിക്കുന്നതിനും കാർഷിക മേഖലയിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കതിർ പദ്ധതി എത്രത്തോളം സഹായകമാണെന്ന് അറിയിക്കുമോ?

## കാർഷികാവശ്യത്തിനായുള്ള വൈദ്യുതിക്ക് സബ്സിഡി

5150 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യത്തിനായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് സബ്സിഡി നൽകുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) കാർഷിക മേഖലയിലെ പുതിയ കർഷകർക്ക് പ്രസ്തുത ആനുകൂല്യം നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിനുവേണ്ട കൃഷി ഭൂമിയുടെ വിസ്തൃതി എത്രയാണെന്നും നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

## നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകൃതമായ സമിതി

5151 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകൃതമായ പ്രാദേശികതല നിരീക്ഷണ സമിതിയുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുടെ തരംമാറ്റത്തിന് പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശ ആവശ്യമുണ്ടോ; വിശദമാക്കാമോ;

(സി) പ്രാദേശികതല നിരീക്ഷണ സമിതികൾ സമയബന്ധിതമായി യോഗം ചേരണമെന്ന് നിഷ്കർഷിക്കുന്നുണ്ടോ; എങ്കിൽ ആയതുപ്രകാരം യോഗം ചേരാത്ത എത്ര സമിതികളുണ്ടെന്ന് വ്യക്തമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ പൊക്കാളി കൃഷി സംരക്ഷണം

5152 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കൃഷിഭൂമികൾ ഏതെല്ലാമെന്നും പ്രസ്തുത കൃഷിഭൂമികളുടെ വിസ്തീർണ്ണം എത്രയെന്നും പ്രസ്തുത ഭൂമിയിൽ എവിടെയെല്ലാം കൃഷിചെയ്യുന്നുണ്ടെന്നും കൃഷിഭവൻ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ പൊക്കാളി കൃഷിയുടെ സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## ചേലാട് സ്റ്റേഡിയം നിർമ്മാണത്തിനുള്ള ഭൂമിക്ക് സ്വഭാവവ്യതിയാനാനുമതി

5153 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചേലാട് സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമിയുടെ സ്വഭാവവ്യതിയാനം നടത്തുന്നതിനായി സമർപ്പിച്ച അപേക്ഷ (ഫ.നം. എ2/228/2023) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയം അടിയന്തരമായി ഇതുമായി ബന്ധപ്പെട്ട സംസ്ഥാനതല സമിതിയിൽ വച്ച് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പ്രത്യേക ഇളവ് അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മലമ്പുഴ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

5154 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ ഏതൊക്കെ ഗ്രാമപ്പഞ്ചായത്തുകളെയാണ് നാളിതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) കേരഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട് മണ്ഡലത്തിൽ നടത്തിയിട്ടുള്ള പ്രവൃത്തികൾ വിശദമാക്കാമോ;

(സി) മണ്ഡലത്തിലെ ഏതെങ്കിലും ഗ്രാമപ്പഞ്ചായത്തിനെ പുതുതായി കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## കൃഷി സമൃദ്ധി പദ്ധതി

5155 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്ന കൃഷി സമൃദ്ധി പദ്ധതിയുടെ പ്രവർത്തനം നിലവിൽ ഏത് ഘട്ടത്തിലാണെന്നും ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിലെ ഏതൊക്കെ തദ്ദേശ സ്ഥാപനങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ?

## <u>ഒറ്റപ്പാലം മണ്ഡലത്തിൽ കൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾ</u>

5156 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഒറ്റപ്പാലം മണ്ഡലത്തിൽ കൃഷിവകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ വഴിയും നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## <u>കാർഷിക യന്ത്രവൽക്കരണ മിഷൻ</u>

5157 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ ഡി കെ മുരളി**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികരംഗത്ത് യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന വിശദാംശം നൽകാമോ;

(ബി) കർഷകർക്ക് യന്ത്രവൽക്കരണത്തിന് പിന്തുണ നൽകുന്നതിനായി സ്ഥാപിച്ച വിവിധ സേവന സംവിധാനങ്ങളുടെ ഏകോപനത്തിന് കാർഷിക യന്ത്രവൽക്കരണ മിഷന് രൂപം കൊടുത്തിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ആവശ്യാനുസരണം എല്ലാ കാർഷിക യന്ത്രങ്ങളുടെയും അറ്റകുറ്റപ്പണികൾ ഏറ്റെടുക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## <u>പദ്ധതി അടങ്കലിൽ വെട്ടിക്കുറവ്</u>

5158 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിൽ വെട്ടിക്കുറവ് വരുത്താനുള്ള തീരുമാനത്തെ തുടർന്ന് കൃഷി വകുപ്പിലെ ഭൂരിഭാഗം സംസ്ഥാനാവിഷ്കൃത പദ്ധതികളിലും നാൽപ്പത്തിയഞ്ച് മുതൽ അൻപത് ശതമാനം വരെ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം വെട്ടിക്കുറവ് വരുത്താൻ ഉണ്ടായ കാരണം വിശദമാക്കുമോ;

(സി) പദ്ധതി അടങ്കലിൽ ഉണ്ടായ ഇത്തരം വെട്ടിക്കുറവ് വകുപ്പിനെ എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കൃഷി സമൃദ്ധി പദ്ധതി**

5159 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി സമൃദ്ധി പദ്ധതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ;

(സി) പദ്ധതി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ;

(ഡി) ഏതെല്ലാം തരത്തിലുള്ള കൃഷികളാണ് പദ്ധതിയിലൂടെ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കോഴിക്കോട് ജില്ലയിലെ ക്ലൺ ഗ്രാമം പദ്ധതി**

5160 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലൺ ഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് ക്ലൺ ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ;

(സി) ക്ലൺ കർഷകർക്കായി സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ?

**മാവേലിക്കര മണ്ഡലത്തിൽ നബാർഡ് മുഖേന നടപ്പാക്കിയ പദ്ധതികൾ**

5161 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നീർത്തടങ്ങൾ, കുളങ്ങൾ, തോടുകൾ എന്നിവയുടെ സംരക്ഷണത്തിന് നബാർഡ് മുഖേന മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും പദ്ധതികളുടെ തൽസ്ഥിതിയും വിശദമാക്കുമോ?

**നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കിയ പദ്ധതികൾ**

5162 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ പാലക്കാട് ജില്ലയിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിയ പദ്ധതികൾക്ക് അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ച

തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) നബാർഡ് ധനസഹായത്തോടെ ആലത്തൂർ മണ്ഡലത്തിൽ ഏതെങ്കിലും പദ്ധതികൾ പുരോഗമിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>സൗജന്യമായി തൈകൾ വിതരണം ചെയ്യുന്ന പദ്ധതി</u>**

5163 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഭവനുകൾ/സന്നദ്ധ സംഘടനകൾ മുഖേന സൗജന്യമായി തൈകൾ വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ടുള്ള കാർഷിക പദ്ധതികൾ</u>**

5164 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് കർഷകർക്ക് അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ, തൈകൾ എന്നിവ ലഭ്യമാക്കുന്നതിന് കൃഷി വകുപ്പിന്റെ കീഴിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ?

**<u>മൂല്യവർദ്ധിത കാർഷിക മിഷന്റെ പ്രവർത്തനം</u>**

5165 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂല്യവർദ്ധിത കാർഷിക മിഷന്റെ പ്രവർത്തനം വിശദമാക്കാമോ?

**<u>വാല്യൂ ആഡഡ് അഗ്രിക്കൾച്ചർ മിഷന്റെ പ്രവർത്തനങ്ങൾ</u>**

5166 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകരുടെ വരുമാനവർദ്ധനവിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) മുഖ്യമന്ത്രി അദ്ധ്യക്ഷനായ വാല്യൂ ആഡഡ് അഗ്രിക്കൾച്ചർ മിഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**<u>തിരുവനന്തപുരം ജില്ലയിലെ കൃഷി സമൃദ്ധി പദ്ധതി</u>**

5167 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി സമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം കൃഷിഭവനുകളിലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

**<u>കശുമാവ് തൈകൾ വിതരണം ചെയ്ത വകയിലുള്ള സബ്സിഡി അനുവദിക്കാൻ നടപടി</u>**

5168 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയിൽ നിന്നും കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്, 2021-22 വർഷം ബ്ലോക്കിന് കീഴിൽ വരുന്ന 7 ഗ്രാമപഞ്ചായത്തുകളിൽ 50000 കശുമാവ് തൈകൾ വിതരണം ചെയ്ത വകയിലുള്ള സബ്സിഡി നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിന് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സബ്സിഡി തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ജൈവ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

5169 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ജൈവ കർഷകരുടെ മൂല്യവർധിത ഉല്പന്നങ്ങൾക്ക് മികച്ച വിപണി ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## ജൈവ കൃഷി വ്യാപകമാക്കുവാൻ നടപടി

5170 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യങ്ങളിലെ അമിത കീടനാശിനി പ്രയോഗം മൂലം കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ വ്യാപകമാവുന്ന സാഹചര്യത്തിൽ സംസ്ഥാനം ജൈവ കൃഷിയിലേയ്ക്ക് മാറുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ജൈവ കൃഷി വ്യാപകമാക്കേണ്ടതിന്റെ ആവശ്യകത സ്കൂൾ തലം മുതൽ പഠിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

## പച്ചക്കറിക്ക് തറവില നിശ്ചയിക്കുന്ന പദ്ധതി

5171 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറിയ്ക്ക് തറവില നിശ്ചയിക്കുന്ന പദ്ധതിയ്ക്കായി 2024-25 സാമ്പത്തികവർഷം നീക്കിവച്ച തുകയിൽ മുപ്പത് ശതമാനം പോലും ചെലവഴിച്ചിട്ടില്ല എന്നത് വസ്തുതയാണോ;

(ബി) അൻപത് ലക്ഷം രൂപ വകയിരുത്തിയ പദ്ധതിയിൽ ആ തുക ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## <u>വാമനപുരം മണ്ഡലത്തിലെ നെൽവയൽ വിസ്തൃതി</u>

5172 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ നിലവിൽ എത്ര ഹെക്ടറിലാണ് നെൽകൃഷി ചെയ്യുന്നതെന്ന് ഗ്രാമ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ നെൽവയൽ വിസ്തൃതിയിൽ ഉണ്ടായ വ്യത്യാസം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ടുകളിൽ ട്രാക്ടർ റോഡ് നിർമ്മിക്കാൻ നടപടി</u>

5173 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ടുകളിൽ ട്രാക്ടർ റോഡ് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പാടശേഖര പുറംബണ്ടുകളിൽ ട്രാക്ടർ റോഡ് നിർമ്മിക്കുന്നത് മൂലം മടവീഴ്ച തടയുവാനും കാർഷിക ഉപകരണങ്ങളുടെ സുഗമമായ നീക്കത്തിനും സഹായകമാകുന്നതിനാൽ ഇതിനാവശ്യമായ പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## <u>നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ</u>

5174 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) വായ്പയെടുത്ത് ഉല്പാദിപ്പിക്കുന്ന നെല്ല് സർക്കാർ ഏജൻസികൾ യഥാസമയം ശേഖരിക്കാത്തതും തുക നൽകാത്തതുമായ സ്ഥിതി വിശേഷം നിമിത്തം കർഷകർക്കുണ്ടാകുന്ന ഗുരുതര സാമ്പത്തിക പ്രശ്നം പരിഹരിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഉദ്യോഗസ്ഥ തലത്തിൽ നെൽകർഷകരോട് കാട്ടുന്നതായി പറയപ്പെടുന്ന അവഗണന അവസാനിപ്പിക്കാൻ കർശന നടപടി സ്വീകരിക്കുമോ;

(ഡി) നെൽ കർഷകർക്കായി പുതിയ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

## <u>നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ്</u>

5175 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(സി) കടുത്തുരുത്തി മണ്ഡലത്തിലെ കിടങ്ങൂർ ഗ്രൂപ്പ് ഫാമിംഗ് ഏലായിലെ നെൽകൃഷിക്ക് ആവശ്യമായ വെള്ളം പമ്പ് ചെയ്യുന്നതിന് തടസ്സമായുള്ള ചെളി മാറ്റി പമ്പിംഗ് സുഗമമാക്കുന്നതിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് ബഹു. കൃഷി മന്ത്രിക്ക് നൽകിയിരിക്കുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

## <u>വടക്കാഞ്ചേരി മണ്ഡലത്തില തരിശ് നെൽപ്പാടങ്ങൾ</u>

5176 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ നിലവിൽ എത്ര ഹെക്ടർ നെൽപ്പാടങ്ങൾ തരിശായി കിടക്കുന്നുവെന്നും പ്രസ്തുത പാടങ്ങളിൽ കൃഷി വ്യാപിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്ക് 2021 മുതൽ എത്ര തുക അനുവദിച്ചുവെന്നും എത്ര തുക വിനിയോഗിച്ചുവെന്നും വിശദമാക്കാമോ?

## <u>മങ്കട മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി</u>

5177 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) മണ്ഡലത്തിൽ പുതുതായി ഏതെല്ലാം പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി ആരംഭിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി മുഖേന മണ്ഡലത്തിൽ നാളികേര കൃഷിയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ?

## <u>മണലൂർ മണ്ഡലത്തിലെ കേര ഗ്രാമം പദ്ധതി</u>

5178 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് കേര ഗ്രാമം പദ്ധതി നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് മണ്ഡലത്തിൽ പുതിയ കേര ഗ്രാമങ്ങൾ അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് കേര ഗ്രാമം പദ്ധതിയ്ക്കായി മണ്ഡലത്തിൽ എന്തെല്ലാം സഹായങ്ങളാണ് നൽകിയതെന്നും എത്ര രൂപ ഇതിനായി ചെലവഴിച്ചെന്നും അറിയിക്കാമോ;

(ഡി) മണ്ഡലത്തിൽ ഏതെങ്കിലും പഞ്ചായത്തിൽ പുതിയ കേര ഗ്രാമം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

## <u>കല്ല്യാശ്ശേരി മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി</u>

5179 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് സമഗ്ര തെങ്ങ് കൃഷി പരിപാലനത്തിനുള്ള കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; എന്തൊക്കെ സഹായങ്ങളാണ് ഇതുവഴി പഞ്ചായത്തിന് ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ?

## <u>തെങ്ങിൻ തൈ ഉല്പാദനത്തിൽ ടിഷ്യൂ കൾച്ചർ സാങ്കേതിക വിദ്യ</u>

5180 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗകീട ബാധിച്ചതും ഉല്പാദനക്ഷമത തീരെ കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻ തൈകൾ നടുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മെച്ചപ്പെട്ട തൈകൾ ഉൽപാദിപ്പിക്കുന്നതിനായി ടിഷ്യൂ കൾച്ചർ സാങ്കേതിക വിദ്യ പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ പ്രവർത്തനത്തിലൂടെ നാളികേരത്തിന്റെ ഉല്പാദനം എത്ര കണ്ടു വർദ്ധിപ്പിക്കാമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

## <u>നാളികേരത്തിന്റെ ഉല്പാദനത്തിലെ കുറവ്</u>

5181 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര ഉല്പദനം ഗണ്യമായി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലാവസ്ഥ വ്യതിയാനമാണോ ഉല്പാദനം കുറയാൻ കാരണമായിട്ടുള്ളതെന്നും ഇത്

സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ബി) നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ?

## തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

5182 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) വിവിധതരം രോഗബാധകളെ തുടർന്ന് തെങ്ങ് കൃഷി അനാദായകരമായി മാറുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

## റബ്ബറിന്റെ താങ്ങ് വില കുടിശിക

5183 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ കർഷകർക്ക് താങ്ങ് വില കുടിശിക ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കുടിശിക അടിയന്തരമായി ലഭ്യമാക്കി കർഷകരുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## റബ്ബർ ഇൻസെന്റീവ് സ്കീം

5184 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ ഇൻസെന്റീവ് സ്കീമിനായി ബജറ്റിൽ വകയിരുത്തിയ തുകയുടെ ഇരുപത് ശതമാനത്തിൽ താഴെ മാത്രമാണ് നിലവിലെ സ്ഥിതിയിൽ ചെലവഴിക്കേണ്ടി വരുന്നത് എന്നത് വസ്തുതയാണോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കുമോ;

(ബി) റബ്ബറിന്റെ ഉല്പാദന ചെലവ് വർധിക്കുന്ന സാഹചര്യത്തിൽ റബ്ബർ ഇൻസെന്റീവ് സ്കീമിൽ നിന്നും കർഷകർക്ക് കൂടുതൽ തുക നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി

5185 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കാർക്കുവേണ്ടി നടപ്പാക്കുന്ന ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഇതുവരെ എത്ര കർഷകർ ഇതിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) എത്ര കർഷകർക്ക് പെൻഷൻ നൽകിയിട്ടുണ്ട്; എത്ര രൂപ നിരക്കിലാണ് പെൻഷൻ നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

## കർഷക പെൻഷൻ അനുവദിക്കുന്നതിന് കൈവശ ഭൂമിക്ക് പരിധി

5186 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് പെൻഷൻ അനുവദിക്കുന്നതിന് കൈവശ ഭൂമിക്ക് പരിധി ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) കാർഷിക മേഖലയിലെ പ്രതിസന്ധി പരിഗണിച്ചുകൊണ്ട് കൈവശ ഭൂമിയുടെ പരിധി ഒഴിവാക്കി 60 വയസ്സ് കഴിഞ്ഞ അർഹതപ്പെട്ട എല്ലാ കർഷകർക്കും പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കർഷക ക്ഷേമനിധിയിലേക്കുള്ള ഗ്രാന്റ്

5187 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കർഷക ക്ഷേമനിധിയിലേക്ക് ഗ്രാന്റ് ആയി എത്ര തുക നൽകിയിട്ടുണ്ടെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കർഷകർക്ക് പെൻഷൻ നൽകിയ ഇനത്തിൽ ചെലവഴിച്ച തുക എത്രയാണെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## ഷൊർണ്ണൂർ മണ്ഡലത്തിൽ കൃഷിനാശത്തിന് നൽകിയ നഷ്ടപരിഹാരം

5188 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഷൊർണ്ണൂർ മണ്ഡലത്തിൽ മഴക്കെടുതിയിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് നൽകിയ നഷ്ടപരിഹാര തുക എത്രയെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) നഷ്ടപരിഹാരത്തിനായി അപേക്ഷിച്ച എല്ലാ കർഷകർക്കും തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും ഇതുവരെ നൽകാത്തതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

## മാവേലിക്കര ജില്ലാ കൃഷിതോട്ടം

5189 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ മാവേലിക്കര ജില്ലാ കൃഷിതോട്ടം നിലവിൽ എത്ര ഏക്കറാണെന്നും ഏതൊക്കെ കൃഷികൾ എത്ര ഏക്കറിൽ നടക്കുന്നുവെന്നും

തരംതിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കൃഷിത്തോട്ടത്തിന്റെ ഉടമസ്ഥാവകാശം ആരിൽ നിക്ഷിപ്തമാണെന്ന് വിശദമാക്കാമോ?

## നേര്യമംഗലം ജില്ലാ കൃഷിഫാമിലെ ഫാം ടൂറിസം പദ്ധതി

5190 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നേര്യമംഗലം ജില്ലാ കൃഷിഫാമിൽ ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് ഇവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഫാം ടൂറിസവുമായി ബന്ധപ്പെട്ട് കെ.എൽ.ഡി.സി. ഇവിടെ നടത്തിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കോങ്ങാട് സീഡ് ഫാമിന്റെ നവീകരണം

5191 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് സീഡ് ഫാമിന്റെ നവീകരണത്തിനും ആധുനികവൽക്കരണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫാമിന്റെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വ്യക്തമാക്കുമോ?

## കുറ്റ്യാടി മണ്ഡലത്തിലെ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കാൻ നടപടി

5192 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) 2021 ജൂൺ മാസം മുതൽ ഇതുവരെയായി കുറ്റ്യാടി മണ്ഡലത്തിൽ കൃഷിയോഗ്യമാക്കിയ തരിശു നിലങ്ങളുടെ വിസ്തൃതി എത്രയെന്ന് കൃഷിയുടെ ഇനം സഹിതം വിശദമാക്കാമോ?

## വർക്കല മണ്ഡലത്തിലെ തരിശ് പാടങ്ങൾ

5193 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ നെൽകൃഷിക്ക് യോഗ്യമായ തരിശ് പാടങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവിടങ്ങളിൽ കൃഷിയിറക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ?

## മണലൂർ മണ്ഡലത്തിലെ തരിശുഭൂമി

5194 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ എത്ര ഹെക്ടർ തരിശ് ഭൂമി ഉണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തരിശുഭൂമിയിൽ കൃഷിയിറക്കുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## തരിശ് ഭൂമിയിലെ കൃഷി വ്യാപനം

5195 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ പഞ്ചായത്തിലെയും കൃഷി ഭവനുമായും കുടുംബശ്രീ അയൽക്കൂട്ടങ്ങളുമായും സഹകരിച്ച് തരിശ് നെൽപ്പാടങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനും തരിശ് സ്ഥലങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനും കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കൃഷി ഭൂമി കണ്ടൽക്കാടായി മാറുന്നത് തടയാൻ നടപടി

5196 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭൂമികൾ തരിശായിക്കിടന്ന് കണ്ടൽക്കാടുകളായി രൂപാന്തരം പ്രാപിക്കുന്നത് തടയാൻ കൃഷിവകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## വിള ഇൻഷുറൻസ് പദ്ധതി ക്ലെയിമുകൾ

5197 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിള ഇൻഷുറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ ഓരോ ജില്ലയിലും എത്ര ക്ലെയിമുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇതിൽ തീർപ്പ് കൽപ്പിച്ചത് എത്രയെന്നും വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ വിള ഇൻഷുറൻസ് പദ്ധതി

5198 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിള ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ എത്ര പേർ വിള ഇൻഷുറൻസ് പദ്ധതിയിലേക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം വിളകൾക്കുള്ള ഇൻഷുറൻസിനായാണ് പ്രസ്തുത അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതെന്ന് വിളകൾ തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് ഏതെല്ലാം വിളകൾക്കായി ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ;

(ഇ) അർഹരായ മുഴുവൻ അപേക്ഷകർക്കും വേഗത്തിൽ വിള ഇൻഷ്വറൻസ് ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കാർഷിക വിപണന കേന്ദ്രങ്ങൾ ശക്തിപ്പെടുത്താൻ നടപടി

5199 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങളുടെ വിതരണം കാര്യക്ഷമമാക്കാൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പഞ്ചായത്ത് തോറും നിലവിലുള്ള കാർഷിക വിപണന കേന്ദ്രങ്ങൾ ശക്തിപ്പെടുത്താൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## ക്ലീൻ ഗ്രാമം പദ്ധതി

5200 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ 'ക്ലീൻ ഗ്രാമം' പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

## എറണാകുളം ജില്ലയിലെ കർഷക തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ വിവരം

5201 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിട്ടുള്ളവർ എത്ര പേരുണ്ടെന്ന് കൃഷി ഭവൻ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഇതിൽ കർഷക തൊഴിലാളി പെൻഷൻ കൈപ്പറ്റുന്ന എത്ര പേരുണ്ടെന്ന് കൃഷി ഭവൻ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) പ്രസ്തുത ക്ഷേമനിധി അംഗങ്ങളിൽ എത്ര പേർ നെൽ കൃഷി മേഖലയിൽ നിന്നും ഉള്ളവരാണ്; ഇതിൽ എത്ര പേർ നിലവിൽ നെൽ കർഷകരായി പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) വർഷങ്ങളോളം കൃഷി ചെയ്തിരുന്നതും എന്നാൽ കർഷകരുടെ അഭാവം മൂലം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താതിരുന്നതിനാലും വർഷങ്ങളായി ചെമ്മീൻ കെട്ടുകൾക്കായി മാത്രം വിട്ടു കൊടുക്കുന്നതുമായ കൃഷി ഭൂമിയിൽ അതത്

കൃഷി ഭവനുകൾക്ക് കീഴിൽ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നേടിയിട്ടുള്ള കർഷകരുടെ കൂട്ടായ്മയിലൂടെയും കൃഷിയിൽ താത്പര്യമുള്ള വ്യക്തികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് കൃഷി ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഇ) വൈപ്പിൻ ഉൾപ്പെടെയുള്ള തീരദേശ മണ്ഡലങ്ങളിൽ കായലിനോട് ചേർന്ന് കിടക്കുന്ന പാടശേഖരങ്ങൾ വർഷങ്ങളോളം ചെമ്മീൻ കെട്ടുകൾക്ക് മാത്രമായി നൽകുന്നതിനാൽ ഓരു വെള്ളം കയറി ഭൂഗർഭജലം ഉപയോഗശൂന്യമാകുന്നതിനാലും പ്രദേശവാസികളുടെ വസ്തു വകകൾ നശിക്കുന്നതിനാലും പ്രസ്തുത പാടശേഖരങ്ങളിൽ കൃഷി ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(എഫ്) ഇതു സംബന്ധിച്ച് ചർച്ച ചെയ്യാൻ തീരദേശ മണ്ഡലങ്ങളിലെ ജനപ്രതിനിധികളുടെയും കർഷക പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ആർ.ഐ.ഡി.എഫ്. തുക ഉപയോഗിച്ച് നാദാപുരം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

5202 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം നാദാപുരം മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. തുക ഉപയോഗിച്ച് നബാർഡ് കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിക്കും ചെലവാക്കിയ തുകയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം വരുംവർഷങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) നാദാപുരം മണ്ഡലത്തിലെ നീലാണ്ടുചിറയുടെ പ്രവൃത്തി സർക്കാരിന്റെ പരിഗണയിലുണ്ടോ; വ്യക്തമാക്കാമോ?

## കാർഷിക മേഖലയിൽ സേവനകേന്ദ്രങ്ങൾ

5203 **ശ്രീ വി ജോയി**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പുമായി ബന്ധപ്പെട്ട ഡിജിറ്റൽ സേവനങ്ങളും മറ്റ് സേവനങ്ങളും കർഷകർക്ക് വേഗത്തിലും മുൻഗണനയിലും ലഭ്യമാക്കുന്നതിനായി പ്രത്യേക സേവന കേന്ദ്രങ്ങൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെ സേവനങ്ങളാണ് ലഭ്യമാകുന്നത്; വിശദാംശം നൽകുമോ;

(ബി) കൃഷിക്കൂട്ടങ്ങൾ, കൃഷി സെന്ററുകൾ തുടങ്ങി നിലവിൽ പ്രവർത്തിച്ചുവരുന്ന സേവന മേഖലയിലെ സംവിധാനങ്ങളെ പ്രസ്തുത പദ്ധതിയുടെ ഭാഗമായി

ഉപയോഗപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ;

(സി) കൃഷിയിടങ്ങളിൽ നേരിട്ടെത്തി സേവനം നൽകുന്നതിന് പദ്ധതിയുണ്ടോ; സേവനങ്ങൾക്ക് ഫീസ് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തുക വിതരണം**

5204 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് എത്ര രൂപയുടെ കേന്ദ്ര സഹായം ലഭിച്ചുവെന്നുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം കാലവർഷക്കെടുതി മൂലം കൃഷിനാശം സംഭവിച്ചതിന്റെ നഷ്ടപരിഹാരത്തുക മുഴുവനും കർഷകർക്ക് കൊടുത്തു തീർത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം വരൾച്ചാ കെടുതി മൂലം കർഷകർക്ക് ഉണ്ടായ നഷ്ടം നികത്തുവാൻ എത്ര തുക സാമ്പത്തിക സഹായം നൽകിയെന്ന് വിശദമാക്കാമോ;

(ഡി) ഈ സർക്കാർ കർഷക കടാശ്വാസ കമ്മീഷൻ മുഖേന കർഷകരുടെ എത്ര പരാതികൾക്ക് തീർപ്പു കൽപ്പിച്ചു എന്ന കണക്കുകൾ ലഭ്യമാക്കാമോ?

**കുന്നത്തുനാട് മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ**

5205 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പിന് കീഴിൽ കുന്നത്തുനാട് മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ (നബാർഡ്, ഐ.ആർ.ഡി.എഫ്. ഉൾപ്പെടെ) ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും ചെലവാക്കിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്നും ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; ബാക്കിയുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ;

(ഡി) മുഴുവൻ പ്രവർത്തികളും വേഗത്തിൽ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവനുകൾ**

5206 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ഏതൊക്കെ കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവനുകളായി ഉയർത്താൻ തെരെഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

**മണലൂർ മണ്ഡലത്തിലെ കൃഷിശ്രീ സെന്ററുകൾ**

5207 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ എവിടെയെല്ലാം അഗ്രോസർവ്വീസ് സെന്ററുകൾ (കൃഷിശ്രീ സെന്ററുകൾ) പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത സെന്ററുകളിൽ നിലവിലുള്ള കാർഷിക ഉപകരണങ്ങൾ, മെഷിനറികൾ, മറ്റ് സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) മണലൂർ മണ്ഡലത്തിൽ പുതിയ കൃഷിശ്രീ സെന്ററുകൾ തുടങ്ങാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

## കൃഷിവകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

5208 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; ഇവയുടെ വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിവകുപ്പിന് കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും പ്രവർത്തന ലാഭവും സഞ്ചിത നഷ്ടവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവനുകൾ

5209 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ ഏതൊക്കെ കൃഷിഭവനുകളാണ് സ്മാർട്ട് കൃഷി ഭവനുകളായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## തിരുവമ്പാടി കൃഷി ഭവൻ കെട്ടിട നിർമ്മാണം

5210 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി കൃഷി ഭവൻ കെട്ടിട നിർമ്മാണത്തിന് നബാർഡ് പദ്ധതിയിൽ ആദ്യഘട്ടത്തിൽ എത്ര തുക അനുവദിച്ചെന്നും അതിൽ എത്ര തുകയുടെ പ്രവൃത്തി നടന്നുവെന്നും വിശദമാക്കുമോ;

(ബി) രണ്ടാം ഘട്ടത്തിൽ എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിട നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## കോട്ടയം ജില്ലയിലെ സ്മാർട്ട് കൃഷിഭവനുകൾ

5211 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഏതെല്ലാം കൃഷിഭവനകളെയാണ് സ്മാർട്ട് കൃഷിഭവനകളാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനകളാണ് സ്മാർട്ട് കൃഷിഭവനാക്കിയിട്ടുള്ളതെന്നും സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിന് കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുള്ള കൃഷിഭവനകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

## കോതമംഗലം മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവനകൾ

5212 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഏതെല്ലാം കൃഷിഭവനകളെയാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

## കൃഷി ഓഫീസർമാരുടെ ഒഴിവുകൾ

5213 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിലവിലുള്ള കൃഷി ഓഫീസർമാരുടെ ഒഴിവുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) 2025 മുതൽ 2028 വരെ വിരമിക്കൽ മൂലം ഉണ്ടാകാൻ ഇടയുള്ള കൃഷി ഓഫീസർമാരുടെ ഒഴിവുകളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## ഭൂമി സ്വഭാവ വ്യതിയാനം നടത്തുന്നതിനുള്ള നടപടികൾ

5214 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം വില്ലേജിൽ, കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ഉടമസ്ഥതയിലുള്ള 1236/4, 1236/6, 1236/7, 1236/5 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട വസ്തുക്കൾ കെ.എസ്.ആർ.ടി.സി. ക്ക് കെട്ടിട നിർമ്മാണത്തിനായി സ്വഭാവ വ്യതിയാനം വരുത്തുന്നതിന് 01.03.2025-ൽ ആർ.ഡി.ഒ.എം.വി.ഇ./304/2025-എ18 നമ്പരിൽ മൂവാറ്റുപുഴ റവന്യൂ ഡിവിഷണൽ ഓഫീസർ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയിട്ടുള്ള കത്തും അനുബന്ധ രേഖകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിന്റെ പ്രധാന്യം കണക്കിലെടുത്ത് അപേക്ഷ അടിയന്തരമായി പരിഗണിച്ച് ഭൂമി സ്വഭാവ വ്യതിയാനം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ കവുങ്ങ് കൃഷി

5215 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര ഹെക്ടർ ഭൂമിയിൽ കവുങ്ങ് കൃഷിയുണ്ടെന്നും ജില്ലയിൽ എത്ര കവുങ്ങ് കർഷകർ ഉണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഒരു വർഷം ജില്ലയിൽ എത്ര ക്വിന്റൽ അടയ്ക്ക ഉൽപ്പാദിപ്പിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) അടുത്ത കാലത്തായി ജില്ലയിൽ അടയ്ക്ക ഉൽപ്പാദനം കുറഞ്ഞിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) കവുങ്ങുകൾക്കുണ്ടാകുന്ന മുഞ്ഞ രോഗം, ഇലകുത്ത് രോഗം, പൂങ്കുല കരിയൽ രോഗം, ഹാളി രോഗം എന്നിവ പടരാതിരിക്കുന്നതിന് തളിക്കേണ്ട മരുന്നുകളെക്കുറിച്ച് എന്തെങ്കിലും ധാരണയുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് കർഷകരിൽ അവബോധം ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഇ) ഉല്പാദനം നിരന്തരം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ അടയ്ക്കാ കർഷകരെ കടക്കെണിയിൽ നിന്ന് രക്ഷിക്കുന്നതിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുമോ?

## ആർ.ഐ.ഡി.എഫ്. ഫണ്ടുപയോഗിച്ച് തൃശ്ശൂർ ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ

5216 **ശ്രീ. എൻ. കെ. അക്ബർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂറൽ ഇൻഫ്രാ സ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ച് കൃഷിവകുപ്പ് തൃശ്ശൂർ ജില്ലയിൽ നടപ്പാക്കിയ കുളങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണ പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) ഗുരുവായൂർ മണ്ഡലത്തിൽ പ്രസ്തുത ഫണ്ടുപയോഗിച്ച് ഏതെല്ലാം കുളങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

5217 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കേര കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിൽ കേരഗ്രാമം പദ്ധതിയുടെ ഭാഗമായി എത്ര തുക ചെലവഴിച്ചു എന്ന് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി കൂടുതൽ കർഷകരിലേക്ക് വ്യാപിപ്പിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കാർഷിക അഭിവൃദ്ധിക്ക് നീർത്തടാധിഷ്ഠിത ആസൂത്രണം

5218 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി. നന്ദകുമാർ**

**ശ്രീ എം നൗഷാദ്**

**ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിയുടെ പ്രത്യേകതകൾക്കനുസരിച്ച് നീർത്തടാധിഷ്ഠിത ആസൂത്രണം കാർഷിക അഭിവൃദ്ധിയ്ക്ക് അത്യന്താപേക്ഷിതമായതിനാൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

(ബി) നീർത്തട പദ്ധതികളുടെ അടിസ്ഥാനത്തിൽ നദീതട പദ്ധതികൾ രൂപീകരിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(സി) പദ്ധതിയുടെ ഭാഗമായി വിള കലണ്ടർ തയ്യാറാക്കി അതിനനുസൃതമായി കാർഷിക വൃത്തികൾ ആസൂത്രണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കൈപ്പമംഗലം മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവനുകൾ

5219 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ കൃഷിഭവനുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്നതിന് എന്തെല്ലാം പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ?

## വേങ്ങേരി കാർഷിക വിപണന കേന്ദ്രത്തിന്റെ പ്രവർത്തനം

5220 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങേരി കാർഷിക വിപണന കേന്ദ്രത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കാർഷിക വിപണന കേന്ദ്രത്തിന്റെ ദൈനംദിന കാര്യങ്ങൾ പരിശോധിക്കുന്നതിന് മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കാർഷിക വിപണന കേന്ദ്രം കർഷകർക്ക് കൂടുതൽ ഉപയോഗപ്രദമാകുന്നതിന് നടപടി സ്വീകരിക്കുമോ?

## പാലക്കാട് ജില്ലയിൽ പൊതു ആവശ്യത്തിന് നിലം നികത്തുന്നതിനുള്ള അപേക്ഷകൾ

5221 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ പാലക്കാട് ജില്ലയിൽ പൊതു ആവശ്യത്തിന് നിലം നികത്തുന്നതിന് എത്ര അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്; ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിവരം ലഭ്യമാക്കാമോ;

(സി) തീർപ്പുകൽപ്പിക്കാൻ കഴിയാത്ത അപേക്ഷകൾ എന്ത് കാരണത്താലാണ് നിരസിച്ചതെന്ന് വ്യക്തമാക്കാമോ?

## മലമ്പുഴ മണ്ഡലത്തിലെ സ്മാർട്ട് കൃഷി ഭവനുകൾ

5222 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം കൃഷി ഭവനുകളാണ് സ്മാർട്ട് കൃഷി ഭവനുകളായി ഉയർത്തുവാൻ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിനായി അനുവദിച്ച തുക, പ്രവർത്തിയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

## അരുവിക്കര പഞ്ചായത്തിലെ കൂൺഗ്രാമം പദ്ധതി

5223 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി അരുവിക്കര പഞ്ചായത്തിൽ നടപ്പിലാക്കുന്ന കൂൺഗ്രാമം പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി, ആകെ യൂണിറ്റുകൾ, ഗുണഭോക്താക്കളുടെ എണ്ണം എന്നിവയെ സംബന്ധിച്ച വിവരം അറിയിക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിലെ കാർഷിക പദ്ധതികൾ

5224 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ വടക്കാഞ്ചേരി മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കൃഷി ഭവനുകളിൽ അനുവദിച്ചിട്ടുള്ള കാർഷിക പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്നുമുള്ള വിവരം ഗ്രാമപഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

## മണ്ണ് സംരക്ഷണ വകുപ്പ് ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ

5225 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ധനസഹായത്തോടെ മണ്ണ് സംരക്ഷണ വകുപ്പ് ഏറ്റെടുത്തിട്ടുള്ളതും പൂർത്തിയാക്കാത്തതുമായ എത്ര പദ്ധതികൾ നിലവിലുണ്ട്; അവ ഏതൊക്കെയാണെന്നും അതിനായി ഇനി എത്ര തുക ചെലവഴിക്കേണ്ടി വരുമെന്നും വിശദീകരിക്കാമോ;

(ബി) 2025-26 വർഷത്തിലേക്ക് പുതിയ പദ്ധതികൾ പരിഗണിക്കുന്നുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

5226 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ക്ഷേത്രക്കുളങ്ങളും പള്ളികളുടെ കുളങ്ങളും സംരക്ഷിക്കാൻ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന പദ്ധതികൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

## കാർഷിക സർവ്വകലാശാല അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

5227 **ഡോ. മാത്യൂ കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിലെ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ കഴിഞ്ഞ ഒരു വർഷമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കേരള കാർഷിക സർവ്വകലാശാലയിൽ ഇ-ഓഫീസ് നടപ്പിലാക്കിയെന്ന കാരണം കൊണ്ട് കാർഷിക സർവകലാശാലയിലെ അനധ്യാപക തസ്തികകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടയെന്ന തീരുമാനം സർവ്വകലാശാല ഭരണസമിതി കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള വ്യക്തമായ മാനദണ്ഡങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) അനധ്യാപക ജീവനക്കാരുടെ ജോലിഭാരം വിലയിരുത്തുന്നതിനായി വൈസ് ചാൻസലർ അധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ നിലവിലെ സ്ഥിതിയും ഇതുവരെ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകൾ, നിരീക്ഷണങ്ങൾ എന്നിവയുടെ വിശദാംശങ്ങളും അന്തിമ റിപ്പോർട്ട് സമർപ്പിക്കേണ്ട കമ്മിറ്റിയുടെ കാലാവധി എന്നാണെന്നും വിശദമാക്കാമോ;

(ഡി) കാർഷിക സർവ്വകലാശാലയിലെ അസിസ്റ്റന്റ് തസ്തികകളിൽ നിയമനം നടത്താതിരിക്കാൻ സർക്കാർ തലത്തിലോ യൂണിവേഴ്സിറ്റി തലത്തിലോ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) കാർഷിക സർവകലാശാല ഭരണ സമിതി ഒരു മാസത്തിനുള്ളിൽ പുനസംഘടിപ്പിക്കണമെന്ന കോടതി നിർദ്ദേശം നടപ്പിലാക്കുന്നതിനായി യൂണിവേഴ്സിറ്റി നടത്തിയ ഭരണ സംബന്ധമായ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

## റാഗിംഗ് അക്രമങ്ങളും തടയാൻ കോളേജുകളിലും പ്രൊട്ടക്ഷൻ ഗ്രൂപ്പ്

5228 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാഗിംഗ് അക്രമങ്ങളും തടയാൻ സ്കൂളുകളുടെ മാതൃകയിൽ കോളേജുകളിലും പ്രൊട്ടക്ഷൻ ഗ്രൂപ്പ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ പ്രവർത്തനരീതി എന്താണെന്ന് വ്യക്തമാക്കുമോ; ഇതിന്റെ മേൽനോട്ട ചുമതല ആർക്കാണ്; നിലവിൽ ഏതെങ്കിലും കോളേജുകളിൽ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

**<u>സ്റ്റുഡന്റ് പോലീസ് കേഡറ്റ്</u>**

5229 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ ആരംഭിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി സംസ്ഥാനത്തെ കോളേജുകളിലേക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) സ്കൂളുകളിൽ നിന്നും വ്യത്യസ്തമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് കോളേജുകളിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

**<u>ഫൈൻ ആർട്സ് കോളേജുകളിലെ കരിക്കുലം പരിഷ്കരണം</u>**

5230 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഫൈൻ ആർട്സ് കോളേജുകളിലെ കരിക്കുലം കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

**<u>പ്രൊഫഷണൽ കോളേജുകളിലെ അഡ്മിഷനുള്ള സ്പോർട്സ് ക്വാട്ട</u>**

5231 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിലെ പ്രൊഫഷണൽ കോളേജുകളിൽ വിവിധ കോഴ്സുകൾക്ക് അഡ്മിഷന് സ്പോർട്സ് ക്വാട്ടയിൽ എത്ര സീറ്റുകളാണ് സംവരണം നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ ഏതെല്ലാം പ്രൊഫഷണൽ കോഴ്സുകൾക്കാണ് സ്പോർട്സ് ക്വാട്ടയിൽ സംവരണമുള്ളതെന്നും ഓരോ പ്രൊഫഷണൽ കോഴ്സിലും അത് എത്ര വീതമാണെന്നും കോഴ്സ് തിരിച്ച് വ്യക്തമാക്കാമോ;

(സി) കേരളത്തിലെ പ്രൊഫഷണൽ കോളേജുകളിൽ വിവിധ കോഴ്സുകളിലേക്കുള്ള സ്പോർട്സ് ക്വാട്ട സംവരണം ആനുപാതികമായി വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>റൂസ ഫണ്ട്</u>**

5232 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം കോളേജുകൾക്കാണ് റൂസ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാം പ്രവൃത്തികൾക്കാണെന്നും

വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും വിശദമാക്കുമോ?

## പി.എം.ഉഷ പദ്ധതി

5233 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ഉഷ പദ്ധതി പ്രകാരം 'ഗ്രാന്റ്സ് ടു സ്റ്റെങ്തെൻ കോളേജസ്' എന്ന വിഭാഗത്തിൽ കോളേജുകളെ ഷോർട്ട് ലിസ്റ്റ് ചെയ്യുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മാനദണ്ഡം അനുസരിച്ച് പി.എം.ഉഷ പദ്ധതിയിൽ കേരളത്തിൽ നിന്ന് തിരഞ്ഞെടുത്ത കോളേജുകൾക്ക് ലഭിച്ച സ്കോർ വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്കോർ പ്രകാരം ആണോ കേരളത്തിൽ നിന്നുള്ള കോളേജുകളെ ഷോർട്ട് ലിസ്റ്റ് ചെയ്തത്; വിശദമാക്കാമോ;

(ഡി) ഫോക്കസ് ജില്ലയിൽ നിന്ന് അല്ലാത്ത കോളേജുകൾ പി.എം.ഉഷ ഗ്രാന്റ്സിന് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അങ്ങനെ തിരഞ്ഞെടുക്കപ്പെടാൻ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) മുൻപ് റൂസ പദ്ധതിയിൽ ധനസഹായം ലഭിച്ച കോളജുകൾ ഇത്തവണയും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദീകരിക്കാമോ?

## സർക്കാർ കോളേജുകളിലെ അധ്യാപക തസ്തിക

5234 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിലെ അധ്യാപക തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിഷയം തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തെന്നും അവ എന്നാണ് റിപ്പോർട്ട് ചെയ്തതെന്നും റിപ്പോർട്ട് ചെയ്തില്ലെങ്കിൽ അതിനുള്ള കാരണവും അറിയിക്കാമോ;

(സി) പ്രസ്തുത തസ്തികകളിലേക്കുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

## പോക്കർ സാഹിബ് മെമ്മോറിയൽ ഓർഫനേജ് കോളേജിൽ രണ്ടാം ഫിസിക്കൽ എജ്യൂക്കേഷൻ തസ്തിക

5235 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി പോക്കർ സാഹിബ് മെമ്മോറിയൽ ഓർഫനേജ് കോളേജിൽ ഏതെല്ലാം അധ്യാപക തസ്തികയിലേക്ക് കൂടിക്കാഴ്ച നടത്തുന്നതിനുള്ള സർക്കാർ അനുമതിക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജിൽ രണ്ടാം ഫിസിക്കൽ എജ്ജുക്കേഷൻ തസ്തിക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>**സർവകലാശാലകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനം**</u>

5236 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനം പി.എസ്.സിക്ക് വിട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; ഏതെങ്കിലും തസ്തികകളിൽ യൂണിവേഴ്സിറ്റി തലത്തിൽ നേരിട്ടുള്ള നിയമന രീതി നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>**അധ്യാപകർക്കുള്ള യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണ പദ്ധതി**</u>

5237 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കോളേജ്/സർവകലാശാല അധ്യാപകർക്കുള്ള യു.ജി.സി. ഏഴാം ശമ്പള പരിഷ്കരണ പദ്ധതിയിൽ ലഭിക്കേണ്ട കേന്ദ്രവിഹിതം പ്രതിപൂരണ വ്യവസ്ഥ പ്രകാരം ഉള്ളത് ആയിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) ഏഴാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രതിപൂരണപദ്ധതിയിലെ വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) പ്രതിപൂരണ പദ്ധതി പ്രകാരം കേരളത്തിലെ കോളേജ്/യൂണിവേഴ്സിറ്റി അധ്യാപകർക്ക് നൽകേണ്ട കുടിശിക വിതരണം ചെയ്തതായ സത്യവാങ്മൂലം കേന്ദ്രസർക്കാരിന് യഥാസമയം നൽകിയിരുന്നോ;

(ഡി) ഇത്തരത്തിൽ കേന്ദ്രത്തിന് നൽകിയ സത്യവാങ്മൂലത്തിന്റെയും പ്രൊപ്പോസലിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) 2016-19 വർഷങ്ങളിലെ കുടിശിക കേരളത്തിലെ കോളേജ്, യൂണിവേഴ്സിറ്റി അധ്യാപകർക്ക് വിതരണം ചെയ്തിട്ടുണ്ടോ; ശമ്പള പരിഷ്കരണ കുടിശികയ്ക്കുള്ള കേന്ദ്ര ഗ്രാന്റ് ഇതുവരെ ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(എഫ്) കേന്ദ്ര സർക്കാർ ശമ്പള പരിഷ്കരണ ഇനത്തിൽ നൽകേണ്ട വിഹിതം നൽകാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നൽകേണ്ട വിഹിതം വിതരണം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>**മലപ്പുറം ഗവ: വനിതാ കോളേജ് കെട്ടിട നിർമ്മാണം**</u>

5238 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവ: വനിതാ കോളേജ് കെട്ടിട നിർമ്മാണ പദ്ധതി നിലവിൽ ടെൻഡർ ചെയ്തിട്ടും കരാറുകാരനുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള കാലതാമസം എന്താണ്; പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇപ്പോൾ കോളേജ് പ്രവർത്തിക്കുന്ന താൽക്കാലിക കെട്ടിടത്തിന്റെ വാടക കുടിശിക എത്രയാണെന്നും അത് എന്നത്തേയ്ക്ക് കൊടുത്തു തീർക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

## നെന്മാറ മണ്ഡലത്തിൽ ആർട്സ് ആന്റ് സയൻസ് കോളേജ്

5239 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ ആർട്സ് ആന്റ് സയൻസ് കോളേജുകൾ ഇല്ലെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നെന്മാറ നിയോജക മണ്ഡലത്തിൽ പുതിയ സർക്കാർ കോളേജ് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

## കൊട്ടുവായൂർ ബി.എഡ് കോളേജിലെ കോഴ്സുകൾ

5240 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടുവായൂർ ബി.എഡ്. കോളേജിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കോഴ്സുകൾക്കാവശ്യമായ കെട്ടിട സൗകര്യം നിലവിലുണ്ടോ; ഇല്ലെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## മലമ്പുഴ ഐ.എച്ച്.ആർ.ഡി. കോളേജിന്റെ ഭൗതിക സാഹചര്യങ്ങൾ

5241 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മലമ്പുഴ ഐ.എച്ച്.ആർ.ഡി. കോളേജിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ഫണ്ട് അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

## പത്തിരിപ്പാല സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്

5242 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് ഓരോ പദ്ധതിയുടെയും പുരോഗതി സഹിതം വിശദമാക്കാമോ?

## കോഴിക്കോട് ഗവ. ലോ കോളേജ്

5243 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവ. ലോ കോളേജിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന് 2021-22 വർഷത്തെ ബജറ്റിൽ നീക്കിവെച്ച പതിനഞ്ച് കോടി രൂപ വിനിയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

**<u>വിദേശ പഠനത്തിന് പോകുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ</u>**

5244 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16, 2016-2021,2021-2024 എന്നീ കാലയളവുകളിൽ കേരളത്തിൽ നിന്നും വിദേശ രാജ്യങ്ങളിലേയ്ക്ക് പഠനത്തിന് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**<u>കോളേജുകളിൽ പുതിയ കോഴ്സുകൾ</u>**

5245 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ ഡോ. ബി.ആർ.അംബേദ്ക്കർ മെമ്മോറിയൽ ആർട്സ്&സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായി കോളേജ് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിൽ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ?

**<u>സ്വകാര്യ സർവകലാശാലകൾക്ക് അഫിലിയേറ്റഡ് കോളേജുകൾ</u>**

5246 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സർവകലാശാലകൾക്ക് അഫിലിയേറ്റഡ് കോളേജുകൾ സ്ഥാപിക്കാൻ സാധിക്കുമോ; വിശദമാക്കുമോ;

(ബി) സ്വകാര്യ സർവകലാശാലകൾക്ക് വിദേശത്ത് ഓഫ് ക്യാമ്പസ് സെന്ററുകളും പഠനകേന്ദ്രങ്ങളും തുറക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ നിലവിലെ നിയമത്തിൽ വ്യവസ്ഥ ഉണ്ടോ; ഉണ്ടെങ്കിൽ ആയത് യു.ജി.സി. ഗൈഡ് ലൈന് അനുസൃതമാണോയെന്ന് വ്യക്തമാക്കുമോ;

(സി) സിലബസ്, പരീക്ഷ നടത്തിപ്പ്, ഫലപ്രഖ്യാപനം, ബിരുദം നൽകൽ തുടങ്ങിയ അധികാരങ്ങൾ നൽകിയിട്ടുള്ള സ്വകാര്യ സർവകലാശാലകളുടെ

പ്രവർത്തനങ്ങളിൽ ക്രമക്കേടുകൾ ഉണ്ടാകുന്ന പക്ഷം ആയത് പരിശോധിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും ഏതു രീതിയിലുള്ള സംവിധാനമാണ് നിലവിലെ നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

## പയ്യന്നൂർ മണ്ഡലത്തിലെ ഉന്നതവിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ

5247 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പയ്യന്നൂർ നിയോജകമണ്ഡല പരിധിയിൽ അനുവദിച്ച ഫണ്ടും നടപ്പിലാക്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

## സ്വകാര്യ സർവകലാശാല

5248 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ ആരംഭിക്കുമ്പോൾ അധ്യാപക അനധ്യാപക നിയമനങ്ങളിൽ കേരളത്തിൽ നിന്നുള്ള അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് പ്രാതിനിധ്യം ഉറപ്പാക്കുന്ന രീതിയിൽ എന്തെങ്കിലും വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ കാലഘട്ടത്തിനനുസരിച്ച് പുതിയ കോഴ്സുകൾ

5249 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പരമ്പരാഗതമായി നടത്തിവരുന്ന ഏതൊക്കെ കോഴ്സുകളിൽ കുട്ടികൾ കുറയുന്നു എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) കുട്ടികൾ കുറയുന്ന പരമ്പരാഗതകോഴ്സുകൾക്ക് പകരം കാലഘട്ടത്തിനനുസരിച്ച് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സായാഹ്ന കോഴ്സുകൾ ആരംഭിക്കുന്നത്

5250 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ലോ കോളേജുകളിൽ സായാഹ്ന കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്

5251 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിങ് കോളേജിൽ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

## പോളിടെക്നിക് കോളേജുകളിൽ സായാഹ്ന കോഴ്സുകൾ

5252 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പോളിടെക്നിക് കോളേജുകളിലാണ് സായാഹ്ന കോഴ്സുകൾ നിലവിലുള്ളത്; സ്ഥാപനം, ട്രേഡ് തിരിച്ച് വിശദമാക്കുമോ;

(ബി) കൂടുതൽ സ്ഥാപനങ്ങളിൽ സായാഹ്ന കോഴ്സുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിൽ പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിന് നടപടി

5253 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിൽ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുമോ;

(സി) കുറ്റിപ്പുറത്ത് പുതിയ പോളിടെക്നിക് കോളേജ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ എ.ഐ.സി.ടി.ഇ. ലേക്ക് സമയ പരിധിക്കുള്ളിൽ സമർപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

## പോളിടെക്നിക് അധ്യാപകരുടെ ശമ്പള ഓപ്ഷൻ

5254 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഐ.സി.ടി.ഇ. മാനദണ്ഡപ്രകാരം 2016-ന മുൻപ് നിയമിക്കപ്പെട്ട സംസ്ഥാനത്തെ പോളിടെക്നിക് അധ്യാപകർക്ക് നിലവിൽ ആറ്/ഏഴ് കേന്ദ്ര ശമ്പള കമ്മീഷൻ പേ സ്കെയിലുകളിലേക്ക് ഓപ്ഷൻ നൽകുന്നതിന് വ്യവസ്ഥയുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന പോളിടെക്നിക്കിലെ അധ്യാപകർക്കും എൻജിനീയറിങ് കോളേജിലെ അധ്യാപകർക്കും സർവീസ്, ശമ്പളം എന്നിവ സംബന്ധിച്ച് ബാധകമായ ചട്ടങ്ങൾ ഏതെന്ന് വിശദമാക്കാമോ;

(സി) ഇവർക്ക് വ്യത്യസ്തമായ ചട്ടങ്ങളാണോ നിലവിലുള്ളതെന്നും ആറ്/ഏഴ് കേന്ദ്ര ശമ്പളകമ്മീഷൻ പ്രഖ്യാപിച്ച സ്കെയിലുകളിലേക്ക് ഓപ്ഷൻ നൽകുന്നതിന് നിലവിൽ എൻജിനീയറിങ് കോളേജിലെ അധ്യാപകർക്ക് വ്യവസ്ഥ ഉണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) പോളിടെക്നിക്കിൽ സേവനമനുഷ്ഠിച്ചുവരുന്ന ഏതെല്ലാം അധ്യാപകരെയാണ് നിലവിൽ ആറാമത് കേന്ദ്ര ശമ്പളകമ്മീഷൻ സ്കെയിലുകൾ ഓപ്റ്റ് ചെയ്യുന്നതിൽ നിന്ന് ഒഴിവാക്കിയതെന്നും ഒഴിവാക്കിയതിന്റെ കാരണവും ചട്ടവും നിയമങ്ങളും ഏതെന്നും അറിയിക്കാമോ;

(ഇ) കേന്ദ്ര ചട്ടത്തിലെ വ്യവസ്ഥ പ്രകാരം എൻജിനീയറിങ് കോളേജിലെയും പോളിടെക്നിക്കിലെയും അധ്യാപകർക്ക് ഒരേ മാനദണ്ഡമായിരിക്കെ ഇക്കാര്യത്തിൽ മാത്രം വ്യത്യസ്തമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇക്കാര്യത്തിൽ പുന:ക്രമീകരണം നടത്തി 2016 ന് മുമ്പ് നിയമിതരായ പോളിടെക്നിക്ക് അധ്യാപകർക്ക് ആറാം ശമ്പള കമ്മിഷൻ വ്യവസ്ഥ പ്രകാരം ഓപ്ഷൻ നൽകുന്നതിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## കോട്ടക്കൽ ഗവ. വനിതാ പോളിടെക്നിക് കെട്ടിട നിർമ്മാണം

5255 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട എടരിക്കോട് പഞ്ചായത്തിലെ കോട്ടക്കൽ ഗവൺമെന്റ് വനിതാ പോളിടെക്നിക് കോളേജിന് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുകയും പ്രവർത്തനോദ്ഘാടനം നിർവഹിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഇന്നേവരെ നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത നിർമ്മാണം ആരംഭിക്കാതിരിക്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; ഇവ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദവിവരം ലഭ്യമാക്കാമോ;

(സി) മുൻപ് തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിൽ എസ്റ്റിമേറ്റ് പുനർനിർണയം നടത്തി ലഭ്യമായ തുകയ്ക്ക് അനുസൃതമായി പ്രവർത്തനം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാകും; നിർമ്മാണം പൂർത്തിയാക്കി ഈ കോളേജ് കെട്ടിടം എപ്പോൾ പ്രവർത്തനസജ്ജമാകും എന്നും വിശദമാക്കാമോ?

## പയ്യന്നൂർ വനിതാ റസിഡൻഷ്യൽ പോളിടെക്നിക്ക് കോളേജ്

5256 **ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ വനിതാ റസിഡൻഷ്യൽ പോളിടെക്നിക്ക് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അറിയിക്കാമോ;

(ബി) പയ്യന്നൂർ വനിതാ പോളിടെക്നിക്ക് കോളേജ് മിക്സഡ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വ്യക്തമാക്കാമോ?

## 2024-2025-ൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി-പദ്ധതിയേതര വിഹിതം

5257 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-2025-ലെ ബഡ്ജറ്റിൽ സാങ്കേതികവിദ്യാഭ്യാസ വകുപ്പിന് ഓരോ ശീർഷകത്തിലും വകയിരുത്തിയ പദ്ധതി-പദ്ധതിയേതര വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ഇനത്തിലും ഇതിനകം ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) 2024-25 സാമ്പത്തികവർഷത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണ്; ഓരോന്നിനും വകയിരുത്തിയ തുകയും, ഇതുവരെ ചെലവായ തുകയും എത്രയെന്ന് വിശദമാക്കുമോ?

## കരിയർ അഡ്വാൻസ്മെന്റ് സ്കീം

5258 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്തെ പഠനനിലവാരം ഉയർത്തുന്നതിന് വേണ്ടി എ.ഐ.സി.ടി.ഇ. നിർദ്ദേശിച്ച കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പിലാക്കാത്തത് കോളേജുകളുടെ പഠനനിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ എന്തെങ്കിലും ശിപാർശകൾ നൽകിയിരുന്നോ; പ്രസ്തുത ശിപാർശയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) ഐ.എച്ച്.ആർ.ഡി. യിൽ കരിയർ അഡ്വാൻസ്മെന്റ് സ്കീം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സം എന്താണെന്നും എപ്പോൾ നടപ്പാക്കുമെന്നും അറിയിക്കുമോ?

## ടെക്നിക്കൽ ഹൈസ്കൂൾ വിദ്യാർത്ഥികളുടെ ഉന്നത പഠന സാധ്യതകൾ

5259 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ടെക്നിക്കൽ ഹൈസ്കൂളിൽ പഠിക്കുന്ന എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് പ്ലസ് വൺ പ്രവേശനത്തിന് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ടെക്നിക്കൽ ഹൈസ്കൂളുകൾ ഹയർ സെക്കണ്ടറി സ്കൂളുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) ടെക്നിക്കൽ ഹൈസ്കൂളുകളിൽ നിന്നും എസ്.എസ്.എൽ.സി. പാസാകുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ പഠനാവസരം ലഭിക്കുന്ന രീതിയിലുള്ള കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആന്റ് ബിസിനസ്സ് മാനേജ്മെന്റ് കോഴ്സ്

5260 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആന്റ് ബിസിനസ്സ് മാനേജ്മെന്റ് കോഴ്സ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോഴ്സ് പി.എസ്.സി അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ടി കോഴ്സ് യോഗ്യതയായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കാമോ;

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ക്ലാസ്സ് IV ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള ട്രേഡ്സ്മാൻ തസ്തികയിലേയ്ക്ക് സി.എ.ബി.എം. യോഗ്യതയുള്ളവരെ പരിഗണിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ട്രേഡ്സ്മാൻ തസ്തികയിലേയ്ക്ക് പരിഗണിക്കുന്നതിനുള്ള യോഗ്യത എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ഇ) തസ്തിക മാറ്റം വഴിയുള്ള ട്രേഡ്സ്മാൻ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള യോഗ്യത നിശ്ചയിക്കുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറാണോ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ച് ആണോയെന്ന് വ്യക്തമാക്കാമോ?

## <u>യു.ജി.സി. യുടെ കരട് ഭേദഗതി നിർദ്ദേശം</u>

5261 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. എം.വിജിൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ കാവിവൽക്കരിക്കുന്നതിനും അരാഷ്ട്രീയവൽക്കരിക്കുന്നതിനുമുള്ള ശ്രമങ്ങൾക്കിടയിലും സംസ്ഥാനത്തെ സർവകലാശാലകൾ ബദൽനിലപാടുമായി മുന്നേറുന്ന സവിശേഷമായ സാഹചര്യം രൂപപ്പെടുത്തുന്നതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) യു.ജി.സി.യുടെ കരട് ഭേദഗതി നിർദ്ദേശത്തിലെ അപകടങ്ങളെ അതിജീവിക്കുന്നതിനായും സംസ്ഥാനത്തെ സർവകലാശാലകളിൽ ജനാധിപത്യവും സർഗ്ഗാത്മകതയും ഉന്നതനിലവാരവും നിലനിർത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ നീതി ആയോഗ് അടക്കമുള്ള ദേശീയ ഏജൻസികളിൽ നിന്നും സംസ്ഥാനത്തെ സർവകലാശാലകൾക്കും കോളേജുകൾക്കും ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിൽ പഠന-ഗവേഷണ-പഠനേതര പ്രവർത്തനങ്ങൾക്കായി പശ്ചാത്തല-സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്തു തുക

ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

## നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ചോദ്യബാങ്ക്

5262 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ രണ്ടാം സെമസ്റ്റർ പരീക്ഷകൾക്കുള്ള ചോദ്യബാങ്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ബോർഡ് ഓഫ് സ്റ്റഡീസുകളുടെ കീഴിൽ ഇതുവരെ നടത്തിയ വർക് ഷോപ്പുകളുടെയും അവയിൽ പങ്കെടുത്ത അധ്യാപകരുടെയും ആകെ തയാറാക്കിയ ചോദ്യങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) വരാനിരിക്കുന്ന സെമസ്റ്റർ പരീക്ഷകൾക്കുള്ള മുഴുവൻ ചോദ്യപേപ്പറുകളും ചോദ്യ ബാങ്ക് രീതിയിലൂടെ തയാറാക്കുന്നതിന് സർവകലാശാലകൾ പൂർണ്ണതോതിൽ സജ്ജരാണോയെന്ന് വ്യക്തമാക്കാമോ;

(സി) അതാത് സർവകലാശാലകളിലെ സാങ്കേതിക വിഭാഗത്തിലെ ജീവനക്കാർ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ചാണോ അല്ലെങ്കിൽ സർവകലാശാലയ്ക്ക് പുറത്തുനിന്നുള്ള വ്യക്തികളോ/ ഏജൻസികളോ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറുകൾ മുഖേനയാണോ ചോദ്യബാങ്കിലേക്കുള്ള ചോദ്യങ്ങൾ അപ്‌ലോഡ് ചെയ്യുന്നതെന്ന് വിശദമാക്കാമോ;

(ഡി) പുറമെയുള്ള വ്യക്തികളുടെയോ/ഏജൻസികളുടെയോ സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തിയാണെങ്കിൽ പ്രസ്തുത വ്യക്തികളുടെ/ഏജൻസികളുടെ പേര്, വിലാസം, അവർ സർവകലാശാലകളുമായി ഏർപ്പെട്ട കരാറിന്റെ വിശദാംശങ്ങൾ എന്നിവ പകർപ്പുകൾ സഹിതം ലഭ്യമാക്കാമോ?

## ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ

5263 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ധനകാര്യ(വ്യയം-എ)വകുപ്പ് പുറപ്പെടുവിച്ച 13.11.2024- ലെ .61/2024/ധന നം. സർക്കുലർ സംസ്ഥാനത്തെ ഏതെല്ലാം സർവകലാശാലകൾക്ക് ബാധകമാണെന്ന് വിശദമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസ വകുപ്പിനും, മറ്റു വകുപ്പുകൾക്കും കീഴിൽ വരുന്ന സംസ്ഥാനത്തെ ഏതെല്ലാം സർവകലാശാലകളെയാണ് ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളായി കണക്കാക്കുന്നതെന്ന് അറിയിക്കാമോ?

## സർവകലാശാലകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ

5264 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സർവകലാശാലയിലെ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകിവരുന്ന ധനസഹായം മുൻ വർഷങ്ങളിലേക്കാൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സർവകലാശാലയിലെ സംരംഭകത്വ വികസനം പ്രോത്സാഹിപ്പിക്കാൻ ഇന്നോവേഷൻ ആൻഡ് എന്റർപ്രണർഷിപ് ഡെവലപ്മെന്റ് സെന്റേഴ്സ് (ഐ.ഇ.ഡി.സി.) പോലുള്ള പദ്ധതികൾ എത്രത്തോളം ഫലപ്രദമാണെന്ന് വിശദമാക്കാമോ;

(ഡി) 2023-24 വർഷ കാലയളവിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർവകശാലകൾക്ക് മാത്രമായി പ്ലാൻ - നോൺപ്ലാൻ ഫണ്ട് ഇനത്തിൽ അനുവദിച്ച തുക എത്രയെന്ന് വെളിപ്പെടുത്താമോ;

(ഇ) കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടന്നതെന്ന് വിശദമാക്കാമോ;

(എഫ്) ഇതിൽ അടിസ്ഥാന സൗകര്യ വിപുലീകരണത്തിന് ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കാമോ?

## ബി.എഡ് തുല്യത നൽകുന്നതിനുള്ള നടപടി

5265 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ പ്രൊഫഷണൽ ബിരുദമായ ബി.എച്ച്.എം.എസ് ബിരുദം പൂർത്തിയാക്കിയതിനുശേഷം ബി.എഡ്-ഉം, കെ-ടെറ്റ് ഉം യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത മെഡിക്കൽ ബിരുദത്തിന് അനുഗുണമായി നേടിയ ബി.എഡ്-ന് തുല്യതയില്ല എന്ന പേരിൽ യു.പി.എസ്.ടി/എച്ച്.എസ്.ടി ജോലി ചെയ്യാനുള്ള അവസരം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ചുള്ള പരാതികൾ സർക്കാർ മുൻപാകെ വന്നിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയം ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുൻപാകെ പരിഗണനയ്ക്ക് വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) മെഡിക്കൽ വിദ്യാഭ്യാസ യോഗ്യതയും, ബി.എഡ്-ഉം, കെ-ടെറ്റ് ഉം യോഗ്യതയുള്ളവർക്ക് അധ്യാപക ജോലിക്ക് പരിഗണിക്കുവാൻ വേണ്ടി ബി.എഡ്-ന് തുല്യത നൽകുവാൻ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

## ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകൾ

5266 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ മാനവിക വിഷയങ്ങളുമായി ബന്ധപ്പെട്ട് എത്ര പുതിയ കോഴ്സുകളാണ് ആരംഭിച്ചിട്ടുള്ളത്; കോഴ്സുകൾ ആരംഭിച്ച വർഷം, സ്ഥാപനം തുടങ്ങിയ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) മലയാള ഭാഷാ പഠനവുമായി ബന്ധപ്പെട്ട് പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; ഉന്നത വിദ്യാഭ്യാസ മേഖലയിലെ കോഴ്സുകൾക്ക് മലയാളം അദ്ധ്യയന മാർഗമായി സ്വീകരിക്കുന്നതിനോ പരീക്ഷ മലയാളത്തിലെഴുതാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നതിനോ എന്തെങ്കിലും നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കേരളത്തിലെ സർവകലാശാലകൾക്ക് കീഴിൽ ബി.എഡ്. കോഴ്സുകൾ നടത്തുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ട്; കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര ബി എഡ് കോളജുകൾ പുതുതായി ആരംഭിച്ചു; എത്ര എണ്ണം പൂട്ടി; വിശദമാക്കാമോ?

**<u>സർവകലാശാലകളുടെ പശ്ചാത്തല സൗകര്യ വികസനത്തിന് കിഫ്ബി ധനസഹായം</u>**

5267 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ സർവകലാശാലകൾക്കാണ് പശ്ചാത്തല സൗകര്യ വികസനത്തിനായി കിഫ്ബി ധനസഹായം അനുവദിച്ചിട്ടുള്ളത്; എത്ര കോടി രൂപയാണ് ഇത്തരത്തിൽ അനുവദിച്ചത്; സർവകലാശാല തിരിച്ച് വ്യക്തമാക്കാമോ?

**<u>പുതിയ ബിരുദ കോഴ്സ് ഘടന</u>**

5268 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ തൊഴിൽശേഷിയും ഗവേഷണാഭിരുചിയും വികസിപ്പിക്കുന്നതിന് സർവ്വകലാശാലാ-കോളേജ് തലങ്ങളിൽ എന്തെല്ലാം പരിഷ്കരണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നടപ്പിലാക്കിയ പുതിയ ബിരുദ കോഴ്സ് ഘടന പ്രസ്തുത ലക്ഷ്യം നേടുന്നതിന് സഹായകമാണോയെന്ന് അറിയിക്കുമോ;

(സി) കുട്ടികൾക്ക് അവരുടെ അഭിരുചിക്കും ശേഷിക്കും അനുസരിച്ച് പഠനം രൂപകല്പന ചെയ്യാൻ പറ്റുന്നവിധം വിദ്യാർത്ഥി കേന്ദ്രീകൃതമായിട്ടാണോ കോഴ്സ് ഘടനയിൽ പഠനപ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ?

**<u>ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഉന്നമനം</u>**

5269 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**

**ശ്രീ. ഇ കെ വിജയൻ**

**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്ത് പഠനാവസരങ്ങൾ തേടുന്ന വിദ്യാർഥികളെ ഇവിടെ നിലനിർത്തുന്നതിനും വിദേശത്തുനിന്നുള്ള വിദ്യാർത്ഥികളെ ഇവിടേക്ക് ആകർഷിക്കുന്നതിനും ഉന്നതവിദ്യാഭ്യാസ മേഖലയിൽ നൂതന പഠന സൗകര്യങ്ങളും മികച്ച സാഹചര്യങ്ങളും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന് സ്വകാര്യമേഖലയുടെ പങ്കാളിത്തം കൂടി ഉറപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പൊതു സർവകലാശാലകളുടെ നിലവാരമുയർത്തി ശാക്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ആരംഭിക്കാനിരിക്കുന്ന സ്വകാര്യ സർവ്വകലാശാലകളിൽ സാമ്പത്തിക സാമൂഹിക സമത്വം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

## <u>കോഴ്സുകളുടെ സിലബസ് വ്യത്യാസം വരുത്തിയ നടപടി</u>

5270 **ശ്രീ. എം. വിൻസെന്റ്**

**ശ്രീ. സി. ആർ. മഹേഷ്**

**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാലയിൽ നാലുവർഷ ബിരുദത്തിന്റെ രണ്ടാം സെമസ്റ്റർ പകുതിയായപ്പോൾ മൂന്ന് കോഴ്സുകളുടെ സിലബസ് വ്യത്യാസം വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സെമസ്റ്റർ തുടങ്ങിയതിനുശേഷം സിലബസിൽ മാറ്റം വരുത്തിയതിനിടയാക്കിയ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; ഇപ്രകാരം മാറ്റം വരുത്തിയത് മൂലം കുട്ടികളും അധ്യാപകരും ആശയക്കുഴപ്പത്തിൽ ആയിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സിലബസ് പരിഷ്കരണത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സിലബസ് പരിഷ്കരണം നടത്തിയത് സംബന്ധിച്ച് സർവകലാശാല റിപ്പോർട്ട് തേടിയിട്ടുണ്ടോ; ഇക്കാര്യത്തിൽ ആർക്കെങ്കിലും വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കുമോ; വിശദമാക്കുമോ; വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ആശങ്ക പരിഹരിക്കുന്നതിന് എന്ത് തുടർനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## <u>പെരിങ്ങോം ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ</u>

5271 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് പരിഗണനയിൽ ഉണ്ടോയെന്ന് അറിയിക്കാമോ?

## ഭിന്നശേഷി വിദ്യാർത്ഥിയെ മർദ്ദനത്തിനിരയാക്കിയ സംഭവം

5272 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഭിന്നശേഷി വിദ്യാർത്ഥിയെ പ്രമുഖ വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ മർദ്ദനത്തിനിരയാക്കിയ സംഭവത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കണ്ണൂർ സർവകലാശാലാ കാസർകോട് ക്യാംപസിലെ ബഹുഭാഷാ പഠന കേന്ദ്രം

5273 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ചാലയിലെ കണ്ണൂർ സർവകലാശാല ക്യാംപസിൽ ബഹുഭാഷാ പഠന കേന്ദ്രം പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പഠന കേന്ദ്രം തുടങ്ങിയതെപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(സി) രാജ്യത്ത് മറ്റേതെങ്കിലും സർവകലാശാലയുടെ കീഴിൽ ബഹുഭാഷാ പഠന കേന്ദ്രം പ്രവർത്തിക്കുന്നുണ്ടോയെന്ന വിവരം ലഭ്യമാണോ; വ്യക്തമാക്കാമോ;

(ഡി) നിലവിൽ പ്രസ്തുത ബഹുഭാഷാ പഠനകേന്ദ്രത്തിന്റെ പ്രവർത്തനം നിലച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ;

(ഇ) ഈ പഠനകേന്ദ്രത്തിന്റെ നടത്തിപ്പ് ആരെയാണ് ഏൽപ്പിച്ചതെന്നും അവരുടെ കീഴിൽ എത്ര സ്റ്റാഫുണ്ടെന്നും വ്യക്തമാക്കാമോ; ഇവർക്ക് ഇതുവരെ നൽകിയ ശമ്പളം എത്രയാണെന്നും വ്യക്തമാക്കാമോ;

(എഫ്) നാളിതുവരെ പ്രസ്തുത പഠന കേന്ദ്രത്തിന് കണ്ണൂർ സർവകലാശാല എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പഠന കേന്ദ്രം സമർപ്പിച്ച എതെങ്കിലും പദ്ധതിക്ക് പണം അനുവദിക്കാനുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ;

(ജി) രാജ്യത്ത് ഒരു സർവകലാശാലയുടെ കീഴിൽ നടത്തുന്ന ഏക ബഹുഭാഷാ പഠന കേന്ദ്രമായ പ്രസ്തുത സ്ഥാപനം നിലനിർത്താനും സംരക്ഷിക്കാനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## വൈസ് ചാൻസലർ നിയമനത്തിനുള്ള യു.ജി.സി. മാനദണ്ഡങ്ങൾ

5274 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളിൽ വൈസ് ചാൻസലർമാരെ നിയമിക്കുന്നതിന് യു.ജി.സി. എന്തൊക്കെ പുതിയ മാനദണ്ഡങ്ങളാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ സർവ്വകലാശാലകളിലെ നിലവിലുള്ള സാഹചര്യത്തെ ഏത് രീതിയിലാണ് ബാധിക്കുകയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## സർവകലാശാലകളിലെ അസിസ്റ്റന്റ് നിയമനം

5275 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുണ്ടെന്നും അതിൽ എത്ര എണ്ണം പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) 31.12.2025 വരെ അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ പ്രതീക്ഷിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ?

## എയ്ഡഡ് കോളേജുകളിലെ എസ്.സി., എസ്.ടി., ഒ.ബി.സി., വിഭാഗങ്ങളിൽപ്പെട്ട അധ്യാപകരുടെ വിശദാംശം

5276 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ എസ്.സി., എസ്.ടി., ഒ.ബി.സി., വിഭാഗങ്ങളിൽപ്പെട്ട എത്ര അധ്യാപകരുണ്ട്; ഓരോ കോളേജുകളിലെയും അധ്യാപകരുടെ ടോട്ടൽ സ്ട്രെങ്ത്തും കാറ്റഗറി തിരിച്ചുള്ള വിശദാംശവും ലഭ്യമാക്കാമോ?

## സർവകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥരുടെ നിയമനം

5277 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി (ഭേദഗതി)നിയമം 21 of 2019 പ്രകാരം സർവകലാശാലകളിലെ രജിസ്ട്രാർ, പരീക്ഷ കൺട്രോളർ, ഫിനാൻസ് ഓഫീസർ തുടങ്ങിയ പദവികളിൽ ഉദ്യോഗസ്ഥരുടെ സേവന കാലയളവ് പരിമിതപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആക്ട് നിലവിൽ വന്നതിനു ശേഷം വിവിധ സർവകലാശാലകളിൽ രജിസ്ട്രാർ, പരീക്ഷ കൺട്രോളർ, ഫിനാൻസ് ഓഫീസർ തുടങ്ങിയ തസ്തികകളിൽ നിയമിതരായ ജീവനക്കാരുടെ പേര്, തസ്തികയിൽ ചുമതലയേറ്റെടുത്ത തീയതി, കാലാവധി പൂർത്തിയാകുന്ന തീയതി, കൈപ്പറ്റിയ പ്രതിമാസ വേതനം, അനുവദിച്ച വാർഷിക ഇൻക്രിമെന്റുകൾ തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ നിയമിതരാകുന്നതിന് മുമ്പ് പ്രസ്തുത ജീവനക്കാർ ജോലി ചെയ്തിരുന്ന തസ്തിക, സ്ഥാപനം, വിരമിക്കേണ്ട തീയതി, മാതൃവകുപ്പിൽ നിന്നും

അവസാനം കൈപ്പറ്റിയ പ്രതിമാസ വേതനം എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ഡി) 2021-ലെ 21-ാം ആക്ട് നിലവിൽ വന്നതിനുശേഷം വിവിധ സർവകലാശാലകളിൽ രജിസ്ട്രാർ, പരീക്ഷ കൺട്രോളർ, ഫിനാൻസ് ഓഫീസർ തുടങ്ങിയ തസ്തികകളിലേക്കുള്ള നിയമനം എപ്രകാരമാണ് നടത്തിയതെന്നും പ്രസ്തുത നിയമനങ്ങളിൽ സ്ഥിരം നിയമനം, അന്യത്ര സേവനം എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ;

(ഇ) സർവകലാശാലകളുടെ ആക്ട്, സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേൽ തസ്തികകളിൽ അന്യത്ര സേവന രീതിയിൽ നിയമിക്കപ്പെടുന്നതിനുള്ള അർഹത, യോഗ്യത എന്നിവ വിശദമാക്കാമോ;

(എഫ്) 2021-ലെ 21-ാം ആക്ടിലെ വ്യവസ്ഥകൾ പ്രകാരം പരിമിത കാലത്തേക്ക് സർവകലാശാലകളിൽ രജിസ്ട്രാർ, പരീക്ഷ കൺട്രോളർ, ഫിനാൻസ് ഓഫീസർ തുടങ്ങിയ തസ്തികകളിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് എപ്രകാരമാണെന്നും, ആക്ട് നിലവിൽ വന്നതിനുശേഷം കാലാവധി പൂർത്തിയാക്കിയ/വിരമിച്ച മേൽ തസ്തികകളിലെ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചത് ബന്ധപ്പെട്ട സർവകലാശാലകളിൽ നിന്നാണോ അതോ അവരുടെ മാതൃവകുപ്പ്/ സ്ഥാപനത്തിൽ നിന്നാണോയെന്നും വിശദമാക്കാമോ;

(ജി) കേവലം പരിമിത കാലത്തേക്ക് നിയമിക്കപ്പെടുന്ന പ്രസ്തുത ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ സർവ്വകലാശാലകൾ വഹിക്കേണ്ടിവരുന്നത്, പ്രസ്തുത സർവകലാശാലകൾക്ക് സാമ്പത്തിക ബാധ്യത വരുത്തുന്നതാകയാൽ, അന്യത്ര സേവനത്തിലേതുപോലെ ജോലി ചെയ്ത കാലയളവിലേക്കുള്ള ശമ്പളവും, മറ്റാനുകൂല്യങ്ങളും മാത്രം സർവ്വകലാശാലകളിൽ നിന്നും അനുവദിക്കുന്നരീതിയിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുമോയെന്ന് വിശദമാക്കാമോ?

## <u>സർവകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥരുടെ നിയമന വ്യവസ്ഥകൾ</u>

5278 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) University Laws (Amendment) Act 21 of 2019 പ്രകാരം സർവകലാശാലകളിലെ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ പദവികൾ വഹിക്കുന്ന ഉദ്യോഗസ്ഥരുടെ സേവന കാലയളവ് പരിമിതപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആക്ട് നിലവിൽ വന്നതിനു ശേഷം വിവിധ സർവകലാശാലകളിൽ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ തുടങ്ങിയ തസ്തികകളിൽ നിയമിതരായ ജീവനക്കാരുടെ പേര്, തസ്തികയിൽ ചുമതലയേറ്റെടുത്ത തീയതി, കാലാവധി പൂർത്തിയാകുന്ന തീയതി, കൈപ്പറ്റിയ പ്രതിമാസ വേതനം, അനുവദിച്ച വാർഷിക ഇൻക്രിമെന്റുകൾ തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ നിയമിതരാകുന്നതിന് മുമ്പ് പ്രസ്തുത ജീവനക്കാർ ജോലി ചെയ്തിരുന്ന തസ്തിക, സ്ഥാപനം, വിരമിക്കേണ്ട തീയതി, മാതൃവകുപ്പിൽ നിന്നും

അവസാനം കൈപ്പറ്റിയ പ്രതിമാസ വേതനം എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ഡി) 2021-ലെ 21-ാം ആക്ട് നിലവിൽ വന്നതിനുശേഷം വിവിധ സർവകലാശാലകളിൽ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ തുടങ്ങിയ തസ്തികകളിലേക്കുള്ള നിയമനം എപ്രകാരമാണ് നടത്തിയതെന്നും പ്രസ്തുത നിയമനങ്ങളിൽ സ്ഥിരം നിയമനം, അന്യത്ര സേവനം എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ;

(ഇ) സർവകലാശാലകളുടെ ആക്ട്, സ്റ്റാറ്റ്യൂട്ട്, ഓർഡിനൻസ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേൽ തസ്തികകളിൽ അന്യത്ര സേവന രീതിയിൽ നിയമിക്കപ്പെടുന്നതിനുള്ള അർഹത, യോഗ്യത എന്നിവ വിശദമാക്കാമോ;

(എഫ്) 2021-ലെ 21-ാം ആക്ടിലെ വ്യവസ്ഥകൾ പ്രകാരം പരിമിത കാലത്തേക്ക് സർവകലാശാലകളിൽ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ തുടങ്ങിയ തസ്തികകളിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് എപ്രകാരമാണെന്നും, ആക്ട് നിലവിൽ വന്നതിനുശേഷം കാലാവധി പൂർത്തിയാക്കിയ/വിരമിച്ച മേൽ തസ്തികകളിലെ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചത് ബന്ധപ്പെട്ട സർവകലാശാലകളിൽ നിന്നാണോ അല്ലെങ്കിൽ അവരുടെ മാതൃവകുപ്പ്/ സ്ഥാപനത്തിൽ നിന്നുമായിരുന്നോയെന്നും വ്യക്തമാക്കാമോ; വിശദമാക്കുമോ;

(ജി) കേവലം പരിമിത കാലത്തേക്ക് നിയമിക്കപ്പെടുന്ന പ്രസ്തുത ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ സർവകലാശാലകൾ വഹിക്കേണ്ടിവരുന്നത്, പ്രസ്തുത സർവകലാശാലകൾക്ക് സാമ്പത്തിക ബാധ്യത വരുത്തുന്നതാകയാൽ, അന്യത്ര സേവനത്തിലേതു പോലെ ജോലി ചെയ്ത കാലയളവിലേക്കുള്ള ശമ്പളവും, മറ്റാനുകൂല്യങ്ങളും മാത്രം സർവകലാശാലകളിൽ നിന്നും അനുവദിക്കുന്നരീതിയിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുമോയെന്ന് അറിയിക്കുമോ;വിശദമാക്കാമോ?

## ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്കുള്ള സർക്കാർ സഹായങ്ങൾ

5279 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണ ഓപ്പൺ സർവ്വകലാശാലയിൽ നിലവിൽ ഏതെല്ലാം കോഴ്സുകളാണ് ഉള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം കോഴ്സുകളിലൂടെ എത്ര വിദ്യാർത്ഥികൾക്കാണ് പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയ്ക്ക് നിലവിൽ എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

## ക്യാമ്പസുകളിൽ വിദ്യാർത്ഥികളുടെ ലഹരി ഉപയോഗം

5280 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. റോജി എം. ജോൺ**

**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്യാമ്പസുകളിൽ വിദ്യാർത്ഥികളുടെ ലഹരി ഉപയോഗം വർധിച്ചുവരുന്നത് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിനെതിരെ ക്യാമ്പസുകളിൽ ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ക്യാമ്പസുകളിൽ വിദ്യാർത്ഥികളുടെ ലഹരി ഉപയോഗം തടയാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് മറ്റു വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>സർവകലാശാലകളിൽ കിഫ്ബി മുഖേന നടപ്പിലാക്കിയ പദ്ധതികൾ</u>

5281 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ കിഫ്ബി മുഖേന നടപ്പിലാക്കിയതും നിലവിൽ നടപ്പിലാക്കിവരുന്നതുമായ മുഴുവൻ പദ്ധതികളുടെയും പേര്, അടങ്കൽ തുക, ചെലവഴിച്ച തുക, പൂർത്തീകരിച്ച/പൂർത്തീകരിക്കാനുദ്ദേശിക്കുന്ന തീയതി എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കിഫ്ബി മുഖേന നടപ്പിലാക്കിയ/നടപ്പിലാക്കിവരുന്ന വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന ഏജൻസികളുടെ വിശദാംശങ്ങൾ, പദ്ധതി പ്രവർത്തനങ്ങൾക്ക് സർവകലാശാല ഫണ്ടിൽ നിന്ന് തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്നിവ പദ്ധതികൾ തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(സി) കിഫ്ബി മുഖേന നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ ഡി.പി.ആർ, സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കൽ, ജി.ആർ. ഐ.എച്ച്.എ. ഡോക്യുമെന്റേഷൻ സർവീസസ് എന്നിവയ്ക്കും മറ്റ് പ്രവർത്തനങ്ങൾക്കുമായും ചുമതലപ്പെടുത്തിയ ഏജൻസികളുടെ/സ്ഥാപനങ്ങളുടെ വിശദാംശങ്ങളും ഓരോ ഇനങ്ങൾക്കും അവർ ആവശ്യപ്പെട്ട/ടെൻഡറിൽ ക്വാട്ട് ചെയ്ത നിരക്കുകളും മേൽ പ്രവർത്തനങ്ങൾക്ക് നാളിതുവരെ സർവകലാശാലകൾ ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും പദ്ധതി തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) കിഫ്ബി മുഖേന നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ കൺസൾട്ടൻസിയായി പ്രവർത്തിച്ച ഏജൻസികളുടെ/സ്ഥാപനങ്ങളുടെ വിശദാംശങ്ങളും പ്രസ്തുത ഏജൻസികൾ/സ്ഥാപനങ്ങൾക്കായി നാളിതുവരെ സർവകലാശാലകൾ ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

## <u>സർവകലാശാലകളുടെ ഓഫ് ക്യാമ്പസ് സെന്ററുകൾ</u>

5282 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന സ്വകാര്യ/കല്പിത സർവകലാശാലകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തിനു പുറത്തുള്ള ഏതെങ്കിലും സ്വകാര്യ/കല്പിത സർവകലാശാലകളുടെ കേന്ദ്രങ്ങൾ/ഓഫ് ക്യാമ്പസ് സെന്ററുകൾ കേരളത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങളും പ്രസ്തുത ഓഫ് ക്യാമ്പസ് സെന്ററുകൾക്ക് യു.ജി.സി.യും സംസ്ഥാന സർക്കാരും നല്കിയ അനുമതിയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) ജെയിൻ ഡീംഡ് സർവകലാശാലയുടെ കേന്ദ്രം സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഓഫ് ക്യാമ്പസ് സെന്ററിന് യു.ജി.സി.യും സംസ്ഥാന സർക്കാരും നൽകിയ അനുമതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്തെ പൊതു സർവകലാശാലകൾക്ക് സംസ്ഥാനത്തിനകത്തോ പുറത്തോ ഓഫ് ക്യാമ്പസ് സെന്ററുകൾ തുടങ്ങുന്നതിന് നിലവിൽ അനുമതിയുണ്ടോയെന്നു വ്യക്തമാക്കാമോ; പൊതു സർവകലാശാലകളെ സംസ്ഥാനത്തിനു പുറത്തും വിദേശ രാജ്യങ്ങളിലും ഓഫ് ക്യാമ്പസ് സെന്ററുകൾ തുടങ്ങുന്നതിൽ നിന്നും വിലക്കുന്നതിനുള്ള കാരണം വിശദമാക്കാമോ;

(ഇ) നിർദ്ദിഷ്ട സ്വകാര്യ സർവകലാശാല ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്ത് ആരംഭിക്കുന്ന സ്വകാര്യ സർവകലാശാലകൾക്ക് സംസ്ഥാനത്തിനു പുറത്ത് ഓഫ് ക്യാമ്പസ് സെന്ററുകൾ തുടങ്ങുന്നതിന് അനുമതി നൽകുന്നുണ്ടോയെന്നു വിശദമാക്കാമോ;

(എഫ്) പൊതു സർവകലാശാലകളെ ഓഫ് ക്യാമ്പസ് സെന്ററുകൾ തുടങ്ങുന്നതിൽ നിന്നും വിലക്കുന്നതു മൂലം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഏത് രീതിയിലുള്ള പുരോഗതിയാണ് ലക്ഷ്യം വെക്കുന്നതെന്നു വിശദമാക്കാമോ?

## <u>സ്വകാര്യ സർവകലാശാല</u>

5283 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകൾ സ്വകാര്യ സർവകലാശാലയുടെ ഭാഗമാകുമ്പോൾ നിലവിൽ എൻട്രൻസ് കമ്മീഷണറുടെ മെറിറ്റ് അലോട്ട്മെന്റ് പ്രകാരം നടക്കുന്ന അഡ്മിഷനുകൾ അതേ അനുപാതത്തിൽ നിലനിർത്തുവാൻ സാധിക്കുമോ; വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ രീതിയിൽ സ്ഥാപിക്കുന്ന സർവകലാശാലകളുടെ ഭാഗമായി മാറുന്ന സ്വാശ്രയ കോളേജുകളിൽ ഫീസ് നിയന്ത്രിക്കുന്നതിന് സർക്കാരിന് ഏതെങ്കിലും രീതിയിൽ ഇടപെടൽ നടത്താൻ സാധിക്കുമോ; വിശദാംശം വ്യക്തമാക്കുമോ ;

(സി) സ്വകാര്യ സർവകലാശാലകൾക്ക് മൾട്ടി ക്യാമ്പസുകൾ സ്ഥാപിക്കുവാൻ സാധിക്കുമോ; ഇത് യു.ജി.സി. റെഗുലേഷനു അനുസൃതമാണോ; വിശദാംശം

ലഭ്യമാക്കുമോ?

## സർവകലാശാലകളുടെ പ്ലാൻ ഫണ്ട്

5284 **ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ബഹു.ധനകാര്യവകുപ്പ് മന്ത്രി പറഞ്ഞ പുതിയ പ്രോജക്ട് മോഡിലെ ഹ്രസ്വകാല കോഴ്സുകളുടെയും പി.ജി. കോഴ്സുകളുടെയും ഫാക്കൽറ്റികൾക്ക് ശമ്പളം നൽകുന്നതിനായി വിവിധ സർവകലാശാലകൾക്ക് 2022-23 സാമ്പത്തിക വർഷം അനുവദിച്ച പ്ലാൻ ഫണ്ട് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രോജക്ട് മോഡ് കോഴ്സുകളുടെ അധ്യാപക ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി കണ്ണൂർ സർവകലാശാലയ്ക്ക് നാളിതുവരെ അനുവദിച്ച പ്ലാൻ ഫണ്ട് എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കണ്ണൂർ സർവകലാശാലയിലെ പ്രോജക്ട് മോഡ് കോഴ്സുകളുടെ ഫാക്കൽറ്റികൾ അവരുടെ സേവനം മുഴുവൻ നൽകിയിട്ടും അവർക്ക് ശമ്പളം നൽകാത്തതിന്റെയും അവരുടെ സേവന കരാർ പുതുക്കാത്തതിന്റെയും കാരണം അറിയിക്കുമോ; നിലവിൽ 3 മാസത്തിൽ കൂടുതൽ ജീവനക്കാർക്കുള്ള ശമ്പളം വിതരണം ചെയ്തിട്ടില്ലയെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കണ്ണൂർ സർവകലാശാലയിലെ നിലവിലെ ശമ്പള വിതരണ സ്ഥിതി സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) കണ്ണൂർ സർവകലാശാലയിൽ പ്രോജക്ട് മോഡ് കോഴ്സുകളുടെ രണ്ടാം ബാച്ചിൽ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചു; ഫാക്കൽറ്റി ജീവനക്കാർക്ക് ശമ്പളം നൽകാത്തത് പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കില്ലേ എന്നറിയിക്കുമോ; വിശദമാക്കാമോ;

(ഇ) കണ്ണൂർ സർവകലാശാലയിൽ പ്രോജക്ട് മോഡ് കോഴ്സുകൾ നടത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ മതിയായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വകുപ്പിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സംബന്ധിച്ച് വിദ്യാർത്ഥികൾ നിലവിൽ പരാതിപ്പെടുന്ന സാഹചര്യത്തിൽ ആശങ്കകൾ പരിഹരിക്കുന്നതിനും ശരിയായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രോജക്ട് മോഡ് കോഴ്സുകൾ നടത്തുന്നതിന് ആവശ്യമായ പ്ലാൻ ഫണ്ട് അനുവദിക്കാൻ കഴിയാത്തതിനാൽ പ്രോജക്ട് മോഡ് കോഴ്സുകളിലേക്ക് നിയമിക്കപ്പെടുന്ന അധ്യാപക ജീവനക്കാരുടെ വാർഷിക കരാർ പുതുക്കരുതെന്ന് സർവകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ജി) കണ്ണൂർ സർവകലാശാലയിലെ ഏതൊക്കെ വകുപ്പുകളാണ് പ്രോജക്ട് മോഡ് കോഴ്സുകൾ നടത്തുന്നതെന്നും പ്രസ്തുത കോഴ്സുകളിലേക്ക് എത്ര ഫാക്കൽറ്റികളെ നിയമിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; കണ്ണൂർ സർവകലാശാലയിലെ പ്രോജക്ട് മോഡ് കോഴ്സുകളിലേക്ക് നിയമിക്കപ്പെടുന്ന അധ്യാപകർക്ക് അവരുടെ ശമ്പളത്തിൽ നിന്ന് കിഴിവുകൾ വരുത്തിയതിന് ടിഡിഎസ് സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ടോ; 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ബഹു.

ധനകാര്യവകുപ്പ് മന്ത്രി പ്രഖ്യാപിച്ച പുതിയ ഹ്രസ്വകാല കോഴ്സുകളും പി.ജി.കോഴ്സുകളും പ്രോജക്ട് മോഡിൽ നടത്തുന്ന മറ്റ് സർവകലാശാലകളിലെ അധ്യാപക ജീവനക്കാരുടെ ശമ്പളത്തിന്റെയും കരാർ പുതുക്കലിന്റെയും സ്ഥിതിയെന്തെന്ന് വ്യക്തമാക്കാമോ?

## സ്വകാര്യ സർവകലാശാലകളിലെ ന്യൂ ജനറേഷൻ കോഴ്സുകൾ

5285 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻതോതിലുള്ള മൂലധന നിക്ഷേപം നടത്തി ആരംഭിക്കുന്ന സ്വകാര്യ സർവകലാശാലകളിൽ പഠിപ്പിക്കുന്ന വിഷയങ്ങൾ ന്യൂ ജനറേഷൻ കോഴ്സുകളായിരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ബി) സോഷ്യൽ സയൻസ്, ഫണ്ടമെന്റൽ സയൻസ്, ഹ്യൂമാനിറ്റീസ് എന്നീ വിഷയങ്ങളെ കയ്യൊഴിയുന്നതു മൂലം ഉണ്ടാകുന്ന പ്രായോഗികമായ പ്രയാസങ്ങളെ കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അധ്യാപക നിയമനങ്ങളിൽ കേരള സർക്കാരിന് ഏതു തരത്തിലുള്ള നിയന്ത്രണങ്ങളാണ് ഈ സർവകലാശാലകളിൽ ഏർപ്പെടുത്താൻ കഴിയുക എന്ന് വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ സർവ്വകലാശാലകളിലെ വിദ്യാർത്ഥി പ്രവേശനവും അവരുടെ ഫീസ് ഘടനയും നിലവിൽ സംവരണ സമുദായങ്ങളുടെ പ്രവേശനത്തിനുള്ള മാനദണ്ഡങ്ങളും സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) സ്വകാര്യ സർവകലാശാലകളിലെ ചാൻസലർമാരുടെ നിയമനത്തിൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണമുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ചാൻസലർ പദവി വഹിക്കുന്ന ആൾക്ക് വിദ്യാഭ്യാസം പ്രഥമമായി ലക്ഷ്യം വയ്ക്കുന്ന സാമൂഹിക മുന്നേറ്റത്തെ സാക്ഷാത്ക്കരിക്കാൻ സാധിക്കാതെ വരികയാണെങ്കിൽ സർക്കാരിന് എന്തു നടപടികളാണ് സ്വീകരിക്കാൻ കഴിയുക എന്ന് വ്യക്തമാക്കാമോ?

## വിദൂര വിദ്യാഭ്യാസം വഴി നേടിയ സർട്ടിഫിക്കറ്റുകളുടെ ഡ്യൂപ്ലിക്കേറ്റ് ലഭ്യമാക്കാൻ നടപടി

5286 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവകലാശാലകളിൽ നിന്ന് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ/ പാരലൽ സ്റ്റഡി എന്നിവയിലൂടെ വിവിധ യോഗ്യതകൾ കരസ്ഥമാക്കിയവരുടെ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെടുകയും രജിസ്റ്റർ നമ്പറുകൾ വീണ്ടെടുക്കാനാവാത്ത വിധം നഷ്ടപ്പെടുകയും ചെയ്യുന്ന സ്ഥിതിയിൽ വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ട് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യോഗ്യത നേടിയ വർഷവും പരീക്ഷാ കേന്ദ്രത്തിന്റെ പേരും മാത്രം അറിയാവുന്ന ഇത്തരം സാഹചര്യങ്ങളിലുള്ളവർക്ക് രജിസ്റ്റർ നമ്പർ വീണ്ടെടുത്ത് നൽകുന്നതിന് എന്തുമാർഗ്ഗമാണ് സ്വീകരിച്ചു വരുന്നത് എന്നറിയിക്കുമോ ; വ്യക്തമാക്കാമോ;

(സി) ഇവർക്ക് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സർവകലാശാലകൾ സ്വീകരിച്ചു വരുന്ന നടപടി എന്തെല്ലാമാണ്; വിശദമാക്കുമോ;?

## ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല

5287 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദൂരവിദ്യാഭ്യാസത്തെ ശാക്തീകരിക്കാൻ 2020 ഒക്ടോബർ മാസം സ്ഥാപിതമായ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ സുഗമമായ പ്രവർത്തനത്തിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് വിങ്ങിൽ സ്ഥിര തസ്തികകൾ സൃഷ്ടിക്കാൻ സർവകലാശാല സമർപ്പിച്ച പ്രൊപ്പോസലുകളിൽ സർക്കാരിന്റെ തീരുമാനം എന്തെന്ന് അറിയിക്കാമോ;

(സി) ശ്രീ നാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ അഡ്മിനിസ്ട്രേറ്റീവ് വിങ്ങിൽ എത്ര സ്ഥിരം തസ്തികകൾ സൃഷ്ടിക്കാൻ ആണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; ഇരുപത്തിയെട്ട് പ്രോഗ്രാമുകൾക്ക് (എഫ്.വൈ.യു.ജി.പി - 6, യു.ജി - 10, പി.ജി - 12) യു.ജി.സി. അംഗീകാരം ഉള്ളതും 22000ത്തോളം വിദ്യാർത്ഥികൾ നിലവിൽ പഠിച്ചുകൊണ്ടിരിക്കുന്നതുമായ പ്രസ്തുത യൂണിവേഴ്സിറ്റിയിൽ നാളിതുവരെയും സ്ഥിരം തസ്തിക സൃഷ്ടിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ സർവകലാശാലകളിലെ ഓപ്പൺ പ്രോഗ്രാമുകൾ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലേക്ക് മാറ്റിയത് വഴി പ്രസ്തുത നാല് യൂണിവേഴ്സിറ്റികൾക്ക് പ്രതിവർഷം തനതു വരുമാനത്തിൽ വരുന്ന നഷ്ടം എത്രയെന്ന് വിശദീകരിക്കാമോ; ഇതുമൂലം പ്രസ്തുത യൂണിവേഴ്സിറ്റികളിൽ നഷ്ടപെട്ട തസ്തികകൾ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ സൃഷ്ടിക്കാനുള്ള എന്തെങ്കിലും നടപടിക്രമങ്ങൾ സർക്കാരിന്റെ ഭാഗത്തു നിന്ന് നാളിതുവരെ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

## അറബിക് യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നടപടി

5288 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അറബിക് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദേശം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## സ്വകാര്യ സർവകലാശാലകൾക്ക് ഒന്നിലധികം ക്യാമ്പസുകൾ

5289 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾക്ക് ഒന്നിലധികം ക്യാമ്പസുകൾ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ;

(ബി) സ്വകാര്യ സർവകലാശാല സംബന്ധിച്ച 2003-ലെ യു.ജി.സി. റെഗുലേഷന് അനുസൃതമാണോ ഈ നടപടി എന്ന് വ്യക്തമാക്കുമോ?

**<u>സർവകലാശാലകളിലെ നിർമ്മാണ പ്രവർത്തനങ്ങളും കൺസൾട്ടൻസി ഏജൻസികളും</u>**

5290 **ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ സർവകലാശാലകളിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കൺസൾട്ടൻസി ആയി പ്രവർത്തിച്ച ഏജൻസികളുടെ/ സ്ഥാപനങ്ങളുടെ വിശദാംശങ്ങളും, പ്രസ്തുതയിനത്തിൽ ഓരോ ഏജൻസികൾക്കും അനുവദിച്ച തുകയുടെ വിശദാംശങ്ങളും പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷം മുതൽ വിവിധ പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കൽ, സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കൽ എന്നിവയ്ക്ക് ചുമതലപ്പെടുത്തിയ ഏജൻസികളുടെ/സ്ഥാപനങ്ങളുടെ വിശദാംശങ്ങളും, ഓരോ ഇനങ്ങൾക്കും അവർ ആവശ്യപ്പെട്ട/ടെൻഡറിൽ ക്വോട്ട് ചെയ്ത നിരക്കുകളും, മേൽ പ്രവർത്തനങ്ങൾക്ക് സർവകലാശാലകൾ ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും പദ്ധതി തിരിച്ച് ലഭ്യമാക്കാമോ;

(സി) സർവകലാശാലകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിലുള്ള ആകെ ജീവനക്കാരുടെ എണ്ണം,സാങ്കേതിക ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ, സ്ഥിരം ജീവനക്കാരുടെയും, താത്കാലിക ജീവനക്കാരുടെയും ആകെ എണ്ണം എന്നിവ ലഭ്യമാക്കാമോ; പ്രസ്തുത വിഭാഗം ബൃഹത് പദ്ധതികളുൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികളുടെ ഡി.പി.ആർ, സ്ട്രക്ചറൽ ഡിസൈൻ മുതലായവ തയ്യാറാക്കുന്നതിന് പ്രാപ്തരാണോ; വിശദമാക്കാമോ;

(ഡി) നിർമ്മാണ പ്രവർത്തികളുടെ ഡി.പി.ആർ, സ്ട്രക്ചറൽ ഡിസൈൻ മുതലായവ തയ്യാറാക്കുന്നതിനും മറ്റും കൺസൾട്ടൻസി ആയി ബാഹ്യ ഏജൻസികളെ ചുമതലപ്പെടുത്തുന്നതിന്റെ കാരണം വിശദമാക്കാമോ;

(ഇ) സർവകലാശാലകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഉൾപ്പെടുന്ന യൂണിവേഴ്സിറ്റി എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ, ഇലക്ട്രിക്കൽ), ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ എന്നീ തസ്തികകളിൽ മേൽ കാലയളവിൽ ചുമതല വഹിച്ചിരുന്ന ജീവനക്കാരിൽ ആർക്കെങ്കിലും അവശ്യ യോഗ്യത ഇല്ലാത്തതിനാലാണോ സർവകലാശാലയിലെ പല നിർമ്മാണ പ്രവർത്തനങ്ങളുടെയും ഡി.പി.ആർ, സ്ട്രക്ചറൽ ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിൽ നിന്ന് സർവകലാശാല എഞ്ചിനീയറിംഗ് വിഭാഗത്തെ ഒഴിവാക്കിയത്; വിശദമാക്കാമോ;

(എഫ്) സർവകലാശാലകളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് ആവശ്യമായ വൈദഗ്ധ്യം എഞ്ചിനീയറിംഗ് വിഭാഗത്തിന് ഇല്ലെന്ന് ഏതെങ്കിലും സർവകലാശാല എഞ്ചിനീയർ അല്ലെങ്കിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സർവകലാശാല സിൻഡിക്കേറ്റ് പ്രസ്തുത പ്രവൃത്തിക്ക് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെപോലെയുള്ള അക്രഡിറ്റഡ് ഏജൻസികളെ ചുമതലപ്പെടുത്തിയതായുള്ള വിഷയം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള കമ്മ്യൂണിക്കേഷനുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## കാലിക്കറ്റ് സർവകലാശാലയിലെ ഡിജിറ്റൽ ക്ലാസ് റൂം

5291 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022, 2023 വർഷങ്ങളിൽ കാലിക്കറ്റ് സർവകലാശാലയിൽ ഇ-ലേണിങ് സ്റ്റുഡിയോ, ഡിജിറ്റൽ ക്ലാസ് റൂം എന്നിവ സ്ഥാപിച്ചത് ഏത് കമ്പനിയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഡിജിറ്റൽ ക്ലാസ് റൂമുകൾ എല്ലാം നിലവിൽ പൂർണതോതിൽ പ്രവർത്തനക്ഷമമാണോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഡിജിറ്റൽ ക്ലാസ് റൂമുകൾ സ്ഥാപിക്കാൻ ഉണ്ടാക്കിയ ജെം ബിഡ് ഡോക്യുമെന്റിൽ വാറണ്ടി കാലയളവിൽ പരിപാലനം, റിപ്പയർ എന്നിവയ്ക്ക് കാലതാമസം നേരിട്ടാൽ പിഴ ഈടാക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ; എങ്കിൽ റിപ്പയർ ചെയ്യാൻ കാലതാമസം നേരിട്ടാൽ ഈടാക്കേണ്ട പിഴ എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ഡിജിറ്റൽ ക്ലാസ് റൂമുകൾ സ്ഥാപിച്ച കമ്പനി റിപ്പയർ/റെക്ടിഫിക്കേഷൻ/ സർവീസ് എന്നിവയ്ക്ക് കാലതാമസം വരുത്തിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കാലതാമസം വരുത്തിയെന്ന് സർവകലാശാല ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) റിപ്പയറിംഗ്/റെക്ടിഫിക്കേഷൻ/സർവ്വീസിംഗ് എന്നിവയിൽ കാലതാമസം വരുത്തിയതിന് പ്രസ്തുത കമ്പനിയിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടോയെന്നും നാളിതുവരെ എത്ര രൂപ പിഴ ഈടാക്കിയെന്നും വിശദമാക്കാമോ; പിഴ ഈടാക്കിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(എഫ്) വാറണ്ടി കാലയളവിൽ പരിപാലനം, റിപ്പയർ എന്നിവയ്ക്ക് കാലതാമസം നേരിട്ടാൽ പിഴ ഈടാക്കാനുള്ള വ്യവസ്ഥ നിലനിൽക്കെ റിപ്പയറിംഗ്/ റെക്ടിഫിക്കേഷൻ/സർവ്വീസിംഗ് എന്നിവയിൽ കാലതാമസം വരുത്തിയതിന് പ്രസ്തുത കമ്പനിയിൽ നിന്നും പിഴ ഈടാക്കാതിരുന്നതിന് ഉത്തരവാദികളായ സർവകലാശാല ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ജി) പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ സർവകലാശാല നിയമപരമായ നടപടികൾ എടുത്തിട്ടുണ്ടോയെന്നു വിശദമാക്കാമോ?

## തിരുവനന്തപുരത്തെ ടെക്നോളജി ഹബ്ബാക്കി മാറ്റാൻ പദ്ധതി

5292 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ടെക്നോളജി ഹബ്ബാക്കി മാറ്റുന്നതിന് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; ആയതിന്റെ പുരോഗതി വിശദമാക്കാമോ?

**'വയോരക്ഷ' പദ്ധതി**

5293 **ശ്രീ. എം. എം. മണി**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പെട്ടു പോകുന്ന വയോജനങ്ങൾക്ക് മരുന്ന്, ഡോക്ടർമാരുടെ സേവനം, മറ്റ് മെഡിക്കൽ അസിസ്റ്റൻസ്, കൗൺസലിംഗ് തുടങ്ങിയവ ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് 'വയോരക്ഷ' എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) വീടുകളിൽ വയോജനങ്ങളുടെ പരിചരണം ഹോം നഴ്സുമാരെ ഏൽപ്പിക്കുന്നത് വ്യാപകമായി വരുന്ന പശ്ചാത്തലത്തിൽ ഹോം നഴ്സുമാർക്ക് പ്രോട്ടോകോൾ തയ്യാറാക്കുന്നതിന് പദ്ധതിയുണ്ടോ; ഹോം നഴ്സുമാരുടെ സേവനം ലഭ്യമാക്കുന്ന ഏജൻസികളെ നിയന്ത്രിക്കുന്നതിന് മാനദണ്ഡം കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സർക്കാരിന്റെ വിവിധ വയോജനസംരക്ഷണ പദ്ധതികളെക്കുറിച്ച് വയോജനങ്ങൾക്ക് ഡിജിറ്റൽ സാക്ഷരത നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**ആലപ്പുഴ ജില്ലയിൽ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ലഭ്യമാക്കിയ ധനസഹായം**

5294 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ 2021-2022 സാമ്പത്തികവർഷം മുതൽ ഏതെല്ലാം മാരകരോഗങ്ങൾ പിടിപെട്ടവർക്ക് സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന എത്ര തുക സഹായമായി ലഭ്യമാക്കിയിട്ടുണ്ടെന്ന് മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കുമോ?

**ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പദ്ധതികൾ**

5295 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്ഷേമത്തിനായി വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ പദ്ധതിയും മുഖേന എത്ര ഗുണഭോക്താക്കൾക്ക് സഹായം നൽകി വരുന്നുണ്ട്; വിശദമാക്കാമോ?

## **ക്യാൻസർ സുരക്ഷ പദ്ധതി**

5296 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ സുരക്ഷ പദ്ധതിയ്ക്കായി 2015-16 മുതൽ 2024-25 വരെ വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വിവിധ ആശുപത്രികൾക്ക് നിലവിൽ അനുവദിക്കാനുള്ള കുടിശിക സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

## **കുറ്റ്യാടി മണ്ഡലത്തിലെ 'വീ കെയർ' പദ്ധതി**

5297 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മുതൽ ഇതുവരെ കുറ്റ്യാടി മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലായി 'വീ കെയർ' പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് അനുവദിച്ച തുക സഹിതം വിശദമാക്കാമോ?

## **'സ്നേഹപൂർവ്വം' പദ്ധതിയുടെ കുടിശ്ശിക വിതരണം ചെയ്യാൻ നടപടി**

5298 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കളിൽ ആരെങ്കിലുമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതിയായ 'സ്നേഹപൂർവ്വം' പദ്ധതിയുടെ 2024-25 ലെ പദ്ധതിവിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക വെട്ടിക്കുറച്ച നടപടി പിൻവലിച്ചുകൊണ്ട് അർഹതപ്പെട്ട എല്ലാവർക്കും കുടിശിക കൂടാതെ ധനസഹായം വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## **അരുവിക്കര മണ്ഡലത്തിലെ ഓട്ടിസം ബാധിതരായവരുടെ എണ്ണം**

5299 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ ഭിന്നശേഷിക്കാരുടെ സെൻസസ് പ്രകാരം അരുവിക്കര മണ്ഡലത്തിലെ ഓട്ടിസം ബാധിതരുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ?

## **സമാശ്വാസം പദ്ധതിയുടെ 2024-25-ലെ പദ്ധതി വിഹിതം**

5300 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതരമായ രോഗം ബാധിച്ചവർക്ക് ധനസഹായം നൽകിവരുന്ന സമാശ്വാസം പദ്ധതിയുടെ 2024-25-ലെ പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്താനുള്ള കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പദ്ധതി അടങ്കൽ വെട്ടിക്കുറച്ച നടപടി പിൻവലിച്ചുകൊണ്ട് അർഹതപ്പെട്ട എല്ലാവർക്കും കുടിശിക കൂടാതെ ധനസഹായം വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## ലൈബ്രറി സെസ് കുടിശിക

5301 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈബ്രറി സെസ് ഇനത്തിൽ കുടിശിക നൽകാനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കുമോ; പ്രസ്തുത കുടിശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ഗതാഗത മേഖലയിലെ ഡിജിറ്റലൈസേഷൻ

5302 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗതമേഖലയിൽ പൊതുഗതാഗത രംഗത്ത് ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തിയ ഡിജിറ്റലൈസേഷൻ നടപടി എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് ഉളവാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്മാർട്ട് സിഗ്നൽ സംവിധാനങ്ങൾ, എ.ഐ. അധിഷ്ഠിത ട്രാഫിക് മാനേജ്മെന്റ് എന്നിവ നടപ്പിലാക്കാൻ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി., സ്വകാര്യബസ്സുകൾ, ടാക്സികൾ എന്നിവയിൽ മൊബൈൽ ആപ്ലിക്കേഷൻ വഴിയുള്ള ടിക്കറ്റ് ബുക്കിംഗ് സംവിധാനം വ്യാപകമാക്കാൻ എന്തെങ്കിലും പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) സാരഥി, വാഹൻ എന്നീ ഓൺലൈൻ പോർട്ടലുകൾ വഴിയുള്ള ലൈസൻസ്, വാഹന രജിസ്ട്രേഷൻ എന്നിവയുടെ ഡിജിറ്റലൈസേഷൻ എത്രത്തോളം വിജയകരമാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഡ്രൈവിംഗ് ലൈസൻസ് പുതുക്കൽ, വാഹന ഇൻഷ്വറൻസ് അടയ്ക്കൽ തുടങ്ങിയ സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ വഴി ലഭ്യമാക്കുന്നതിലുള്ള വെല്ലുവിളികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

## കെ.എസ്.ആർ.ടി.സി.യുടെ ഡ്രൈവിംഗ് സ്കൂളുകളും ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടുകളും

5303 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. യുടെ വിവിധ ഡിപ്പോകളും റീജിയണൽ വർക് ഷോപ്പുകളുമായും ബന്ധപ്പെട്ട് ഡ്രൈവിംഗ് സ്കൂളുകളും ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടുകളും ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ

5304 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കൈപ്പമംഗലം മണ്ഡലത്തിൽ റോഡ് സേഫ്റ്റി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ, നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്നിവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

## ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

5305 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ രജിസ്ട്രേഷനുകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്ര ഇലക്ട്രിക് വാഹനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം കൂടുന്നതിനനുസരിച്ച് സംസ്ഥാനത്ത് മതിയായ പൊതുചാർജിംഗ് സ്റ്റേഷനുകൾ ഉറപ്പാക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

## ഡ്രൈവിംഗ് ടെസ്റ്റുകൾക്കായി ഏർപ്പെടുത്തിയ പുതിയ പരിഷ്കാരങ്ങളിൽ ഇളവു നൽകുന്ന നടപടി

5306 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡ്രൈവിംഗ് ടെസ്റ്റുകൾക്കായി ഏർപ്പെടുത്തിയ പരിഷ്കാരങ്ങളിൽ എന്തെങ്കിലും ഇളവുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## 'സേഫ് കേരള പ്രൊജക്ട്' വഴിയുള്ള റോഡ് സുരക്ഷ

5307 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'സേഫ് കേരള പ്രൊജക്ട് ' വഴി റോഡ് സുരക്ഷ ഉറപ്പാക്കാൻ സ്വീകരിക്കുന്ന പ്രധാന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്കൂൾ ബസ്സുകൾ, പബ്ലിക്ക് ട്രാൻസ്പോർട്ട് വാഹനങ്ങൾ, ഇരുചക്ര വാഹനങ്ങൾ എന്നിവയ്ക്കുള്ള സുരക്ഷാ മാനദണ്ഡങ്ങൾ കർശനമാക്കാൻ പുതിയ നിയമ നിർമ്മാണം നടത്തിയിട്ടുണ്ടോ;

(സി) ട്രാഫിക് നിയമ ലംഘനങ്ങൾ കുറക്കുന്നതിനായി എ.ഐ. ക്യാമറകൾ, ഇ-ചലാൻ എന്നിവ മുഖേനയുള്ള നടപടികൾ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) റോഡുകളുടെ ഗുണനിലവാരം, സിഗ്നൽ സംവിധാനം, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ മെച്ചപ്പെടുത്തി റോഡ് സുരക്ഷ ഉറപ്പു വരുത്തുന്നതിന് ബജറ്റിൽ ആവശ്യമായ പരിഗണന ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ മുഖേന പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

5308 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കോട്ടയം ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ മുഖേന പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

## വാഹനങ്ങളിലെ നിയമപ്രകാരമല്ലാത്ത അലങ്കാര ലൈറ്റുകൾ

5309 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളിൽ നിയമപ്രകാരമല്ലാത്ത അലങ്കാര ലൈറ്റുകളും, ഓഡിയോ വീഡിയോ ഉപകരണങ്ങളും ഘടിപ്പിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇപ്രകാരമുള്ള വാഹനങ്ങൾ തീ പിടിച്ച് അപകടമുണ്ടാകുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(സി) ഇത്തരത്തിൽ വയറിംഗ് നടത്തിയ വാഹനങ്ങൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## സേഫ് കേരള എൻഫോഴ്സ്മെന്റ്

5310 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ടി.ഒ. എൻഫോഴ്സ്മെന്റ് പരിശോധന കാര്യക്ഷമമായിരുന്നെങ്കിൽ ഒരു പരിധി വരെ റോഡ് അപകടങ്ങൾ കുറയ്ക്കാൻ സാധിക്കുമായിരുന്നില്ലേയെന്ന് വ്യക്തമാക്കാമോ;

(ബി) 2018-ൽ ആരംഭിച്ച സേഫ് കേരള എൻഫോഴ്സ്മെന്റ് ഏഴു വർഷം പിന്നിട്ടിട്ടും കാര്യപ്രാപ്തി കൈവരിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സേഫ് കേരള പദ്ധതി ഉദ്യോഗസ്ഥ ക്ഷാമം കാരണം നിലവിൽ എട്ട് മണിക്കൂർ പോലും പ്രവർത്തിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത എൻഫോഴ്സ്മെന്റിൽ എൺപത്തി അഞ്ച് സ്ക്വാഡുകൾ ഉണ്ടെന്നു പറയപ്പെടുന്നുവെങ്കിലും നിരത്തുകളിൽ സ്ക്വാഡുകളെ കാണാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) സേഫ് കേരള എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരെ മറ്റു ഓഫീസ് ചുമതലകളിൽ നിന്നും പൂർണമായും ഒഴിവാക്കി എൻഫോഴ്സ്മെന്റ് ചുമതലകൾ മാത്രം നൽകി അപകടങ്ങളും നിയമലംഘനങ്ങളും തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

## <u>റോഡ് സേഫ്റ്റി ഫണ്ട്</u>

5311 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കോട്ടയം ജില്ലയിൽ റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും എന്തു തുക അനുവദിച്ചുവെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

## <u>വാഹനങ്ങളുടെ അമിത വേഗതയും നിയമ ലംഘനവും തടയുന്നതിനുള്ള നടപടി</u>

5312 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ അമിത വേഗത തടയുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; വാഹനങ്ങളുടെ അമിത വേഗത തടയാൻ നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ എന്നു പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) കാതടപ്പിക്കുന്ന ശബ്ദമുള്ള ഹോണുകളും പല നിറത്തിലുള്ള ആഡംബര ലൈറ്റുകളും ഉപയോഗിച്ച് സർവ്വീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ നടപടിയെടുക്കാറുണ്ടോ; വിശദമാക്കാമോ;

(സി) നിയമ ലംഘനം നടത്തുന്ന വാഹന ഉടമകൾക്കെതിരെയും ഡ്രൈവർമാർക്കെതിരെയും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## ഉപയോഗശൂന്യമായ ബസ്സുകൾ

5313 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം കെ.എസ്.ആർ.ടി.സി. ബസ്സുകൾ വിവിധ ഡിപ്പോകളിൽ തുരുമ്പെടുത്തു കിടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം ഉപയോഗശൂന്യമായ ബസ്സുകൾ എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; ഇവയിൽ തീരെ ഉപയോഗശൂന്യമായവ പൊളിച്ചു വിൽക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കെ.എസ്.ആർ.ടി.സി ഡ്രൈവിംഗ് സ്കൂളുകൾ

5314 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ എല്ലാ ഡിപ്പോകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## തിരൂരിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ

5315 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ബസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അത് എന്താണെന്ന് അറിയിക്കാമോ;

(സി) തിരൂരിൽ ഉണ്ടായിരുന്ന കെ.എസ്.ആർ.ടി.സി. സ്റ്റേ സെന്റർ നിർത്തലാക്കിയത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; പ്രസ്തുത സ്റ്റേ സെന്റർ പുനരാരംഭിക്കുമോ; വിശദാംശം നൽകുമോ?

## കെ.എസ്.ആർ.ടി.സി. ബസുകളുടെ സമയക്രമം

5316 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ദീർഘദൂര സർവീസുകളിൽ, സർവീസ് ആരംഭിക്കുന്നതിനു മുൻപ് ബസിന്റെ ടെക്നിക്കൽ കണ്ടിഷൻ പരിശോധിക്കാത്തതിനാൽ സ്ഥിരമായി

യാത്രക്കിടെ ബസ് ബ്രേക്ഡൗൺ ആകുന്നതും പ്രഖ്യാപിത സ്റ്റോപ്പുകൾ കൂടാതെ കൂടുതൽ സ്റ്റോപ്പുകളിൽ ബസ്സുകൾ നിർത്തുന്നത് ഉൾപ്പെടെയുള്ള കാരണങ്ങളാൽ യാത്രാ സമയം അധികരിക്കുന്നതുമായ സ്ഥിതിവിശേഷം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ദീർഘദൂര സർവീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ പോലും സമയക്രമം പാലിച്ച പ്രഖ്യാപിത സ്റ്റോപ്പുകളിൽ മാത്രം സ്റ്റോപ്പനുവദിച്ച് ടെക്നിക്കൽ കണ്ടിഷൻ പരിശോധിച്ച് സർവീസ് നടത്തുന്ന ഈ കാലഘട്ടത്തിൽ കെ. എസ്. ആർ. ടി. സി. ബസുകൾ യാത്രാസമയക്രമം കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>കെ.എസ്.ആർ.ടി.സി.യുടെ വാർഷിക വരുമാനം</u>

5317 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിച്ച വാർഷിക വരുമാനവും കെ.എസ്.ആർ.ടി.സി.യുടെ വാർഷിക ചെലവും എത്രയാണെന്ന് വർഷം, ഇനം എന്നിവ തിരിച്ച് ലഭ്യമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.യ്ക്ക് ടിക്കറ്റേതര വരുമാനം ലഭിക്കുന്നതിനായി 2016 മുതൽ നാളിതുവരെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം; ഈ സർക്കാരിന്റെ കാലയളവിൽ ഓരോന്നിൽ നിന്നും ലഭിച്ച വരുമാനം, ചെലവഴിച്ച തുക എന്നിവ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഇനം തിരിച്ച ലഭ്യമാക്കുമോ?

## <u>കെ.എസ്.ആർ.ടി.സി. പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ നടപടി</u>

5318 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യിൽ അവസാനമായി പെൻഷൻ പരിഷ്കരിച്ചത് എന്നാണെന്നും ഇത് പ്രാബല്യത്തിൽ വന്നത് എന്ന് മുതലാണെന്നും വിശദമാക്കാമോ; വിരമിച്ച ജീവനക്കാർക്ക് ഇപ്പോൾ നൽകിവരുന്നത് പരിഷ്കരിച്ച പെൻഷൻ ആണോയെന്ന് വ്യക്തമാക്കാമോ;

(ബി) വിരമിച്ച ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകാനായി ഹൈക്കോടതി നിർദ്ദേശപ്രകാരം രൂപീകരിച്ച കോർപ്പസ് ഫണ്ടിൽ നിന്നും തുക വക മാറ്റി ചിലവഴിച്ചത് മൂലം പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിൽ തടസ്സം ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പുന:സ്ഥാപിച്ച് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>കെ.എസ്.ആർ.ടി.സി. പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ</u>

5319 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവയിലായി നാളിതുവരെ എത്ര കുടിശികയുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടിശ്ശിക എന്നത്തേക്ക് പൂർണ്ണമായും വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ എണ്ണം

5320 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യം ഇനത്തിൽ നിലവിൽ എത്ര തുക കുടിശ്ശിക നൽകാനുണ്ട് ; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) വിരമിക്കൽ ആനുകൂല്യങ്ങൾ ലഭിക്കാതെ എത്ര പേർ മരണപ്പെട്ടിട്ടുണ്ട് ;വിശദാംശം നൽകുമോ;

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.യിലുള്ള സ്ഥിരം ജീവനക്കാർ, പെൻഷൻകാർ, കരാർ തൊഴിലാളികൾ, സ്വിഫ്റ്റിലെ ജീവനക്കാർ എന്നിവരുടെ എണ്ണം ലഭ്യമാക്കാമോ?

## കെ.എസ്.ആർ.ടി.സി.യിൽ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്

5321 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-06-2016 മുതൽ 31-12-2024 വരെ കെ. എസ്.ആർ.ടി.സി. യിൽ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഇനത്തിൽ ഹയർ ഗ്രേഡ് ഓഫീസർമാർ മുതൽ കണ്ടക്ടർ, ഡ്രൈവർമാർ വരെ ഓരോ വിഭാഗത്തിലുമുള്ള ആകെ എത്രപേർ എന്ത് തുകയ്ക്ക് വീതം അപേക്ഷ നൽകിയെന്നും ഇതിൽ ഓരോ വിഭാഗത്തിലുമുള്ളവർക്കും അനുവദിച്ച നൽകിയ തുക സംബന്ധിച്ച കണക്കുകൾ പട്ടിക തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) അപേക്ഷകർ എല്ലാം സർക്കാർ ആശുപത്രികളിലോ/നിർദേശിക്കപ്പെട്ട ആശുപത്രികളിലോ ചികിത്സ നടത്തിയവരായിരുന്നോ; സംസ്ഥാനത്തിന് പുറത്തുൾപ്പെടെ മറ്റുള്ളയിടങ്ങളിൽ ചികിത്സ നടത്തിയവരായിരുന്നെങ്കിൽ അപേക്ഷിച്ച തുക, അനുവദിച്ച തുക, ചികിത്സ നടത്തിയ ഇടം ഉൾപ്പെടെ അപേക്ഷകന്റെ പേരും തസ്തികയും സഹിതം പട്ടിക തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ അപേക്ഷ സമർപ്പിച്ചവരിൽ അപേക്ഷാ തുകയുടെ തൊണ്ണൂറ് ശതമാനമോ അല്ലെങ്കിൽ പൂർണ്ണമായോ അനുവദിക്കപ്പെട്ടവർ ആരൊക്കെയെന്ന് തസ്തിക തിരിച്ച് പേര് സഹിതം കണക്ക് ലഭ്യമാക്കുമോ;

(ഡി) 01-01-2024 മുതൽ 31-10-2024 വരെ സർക്കാർ ആശുപത്രികളിൽ ഡോക്ടറുടെ കുറിപ്പ് പ്രകാരം മാത്രം ഓപ്പറേഷനും ബന്ധപ്പെട്ട ചികിത്സയും നടത്തിയവരുടെ അപേക്ഷയുടെ മൂന്നിലൊന്ന് തുക മാത്രം അനുവദിച്ച നല്കിയതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; ഈ മാനദണ്ഡം എല്ലാ ജീവനക്കാർക്കും ഒരുപോലെ ബാധകമാക്കിയിരുന്നോ; 01-06-2016 മുതൽ 31-12-2024 വരെ കെ.എസ്.ആർ.ടി.സി. യിൽ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഇനത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ അനുവദിക്കുന്ന തുകയിൽ ഹയർ ഗ്രേഡ് ഓഫീസർമാർ, മിനിസ്റ്റീരിയൽ വിഭാഗക്കാർ എന്നിവരും കണ്ടക്ടർ, ഡ്രൈവർമാർ എന്നിവരും തമ്മിൽ അനുവർത്തിച്ച

വരുന്നതായി പറയപ്പെടുന്ന വിവേചനം ഇനിയെങ്കിലും അവസാനിപ്പിക്കുന്നതിന് ആലോചിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ആർ.ടി.സി.യിലെ ലീവ് റൂൾ

5322 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാരിൽ കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും സിംഗിൾ ഡ്യൂട്ടി സമയം സൈൻ ഓൺ മുതൽ സൈൻ ഓഫ് വരെ എട്ട് മണിക്കൂറും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സിംഗിൾ ഡ്യൂട്ടി സമയം രാവിലെ 10 മുതൽ വൈകുന്നേരം 5 വരെ ഒരു മണിക്കൂർ ഇടവേള ഒഴികെ ആറ് മണിക്കൂറും ആണെന്നിരിക്കെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് മാത്രമായി ഓരോ മാസത്തിലെയും രണ്ടാം ശനിയാഴ്ച പൊതു അവധിയായി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ അതേ അനുപാതത്തിൽ കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും കൂടി അവധി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത ആനുകൂല്യം കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും കൂടി അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

## തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ആർ.ടി.സി. പുതിയതായി നടപ്പിലാക്കുന്ന പദ്ധതികൾ

5323 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ആർ.ടി.സി. പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ?

## കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസുകൾ

5324 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസുകൾ മുഴുവൻ എ.സി. ആക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഏത് കമ്പനി ആണ് പ്രസ്തുത പ്രവൃത്തി ചെയ്യുന്നത്; കമ്പനിയെ തിരഞ്ഞെടുത്ത നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ; ആയതിന്റെ രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഒരു ബസ് എ.സി. ആക്കുന്നതിന് എത്ര തുകയാണ് ചെലവാകുന്നത്; ഈ ഇനത്തിൽ ആകെ എത്ര തുക ചെലവഴിക്കേണ്ടി വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്; പ്രസ്തുത തുക ഏത് രീതിയിൽ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

## വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. ബസുകൾ

5325 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നിന്നും വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. ബസുകൾ പ്രത്യേകം ക്രമീകരിച്ചിട്ടുണ്ടോ; എങ്കിൽ ബസുകളുടെ റൂട്ടും സമയവും അടക്കമുള്ള വിശദവിവരം അറിയിക്കാമോ?

**യാത്രാക്ലേശമുള്ള റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവീസ്**

5326 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതലുള്ള സർക്കാരിന്റെ കാലത്ത് നിരത്തിലോടാൻ അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിനാൽ കണ്ടം ചെയ്തോ മറ്റു തരത്തിലോ ഒഴിവാക്കിയ കെ.എസ്.ആർ.ടി.സി. ബസുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. ക്ക് പുതിയ റൂട്ടുകൾ അനുവദിക്കുന്നതിന് ബസുകളുടെ കുറവാണ് വിഘാതമാകുന്നതെങ്കിൽ പുതിയ ബസുകൾ വാങ്ങി യാത്രാക്ലേശം അനുഭവിക്കുന്ന റൂട്ടുകളിൽ സർവീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**ആലത്തൂർ മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. റൂട്ടുകളും സർവ്വീസുകളും**

5327 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ നിലവിലുള്ള കെ.എസ്.ആർ.ടി.സി. റൂട്ടുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) 2016 ന് ശേഷം മണ്ഡലത്തിൽ റദ്ദ് ചെയ്തതും പുതുതായി ആരംഭിച്ചതുമായ സർവ്വീസുകൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ?

**വൈപ്പിൻ മണ്ഡലത്തിലെ പ്രമുഖ ടൂറിസം സെന്ററുകളെ ബന്ധിപ്പിച്ചുകൊണ്ട് ഇലക്ട്രിക് ബസ് സർവ്വീസ്**

5328 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി ഫണ്ട് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. യ്ക്ക് വാങ്ങി നൽകിയ ഇലക്ട്രിക് ബസുകൾ കൊച്ചി കോർപ്പറേഷന് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ബസുകളാണ് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത ബസുകൾ എന്നത്തേക്ക് സർവീസ് ആരംഭിക്കുമെന്നും വ്യക്തമാക്കാമോ;

(ബി) കൊച്ചി നഗരത്തിലെയും ഉപനഗരമായ വൈപ്പിൻ മണ്ഡലത്തിലെ പ്രമുഖ ടൂറിസം സെന്ററുകളായ ചെറായി, മുനമ്പം, കുഴുപ്പിള്ളി, പുതുവൈപ്പ് ഉൾപ്പെടെയുള്ള ബീച്ചുകളെയും സഹോദരൻ അയ്യപ്പൻ സ്മാരകം, പള്ളിപ്പുറം കോട്ട, വല്ലാർപാടം പള്ളി, കടമക്കുടി തുടങ്ങിയവയെയും ബന്ധിപ്പിച്ചുകൊണ്ട് പ്രസ്തുത ബസുകൾക്ക് റൂട്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

**മഞ്ചേശ്വരം മണ്ഡത്തിലെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്**

5329 **ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന റൂട്ടിലുള്ളതും കുമ്പള ഗ്രാമ പഞ്ചായത്തിന്റെ ഗ്രാമീണ ബസും അല്ലാതെ മഞ്ചേശ്വരം മണ്ഡത്തിൽ എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ പ്രദേശികമായി സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ; അവയുടെ റൂട്ടും ടൈമും വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇത് പോലെ പ്രദേശികമായി കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് നടത്താത്ത എത്ര മണ്ഡലങ്ങൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ഇക്കാലത്തും ആവശ്യമായ ബസ് സൗകര്യങ്ങൾ ഇല്ലാതെ സാധാരണക്കാരായ ജനങ്ങൾ പ്രയാസപ്പെടുന്ന വിവിധ പ്രദേശങ്ങൾ ഉള്ള മഞ്ചേശ്വരം മണ്ഡലത്തിൽ പുതുതായി കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് നടത്താൻ തയ്യാറാവുമോയെന്ന് വ്യക്തമാക്കുമോ?

## <u>പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ</u>

5330 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം, കൂത്താട്ടുകുളം ഡിപ്പോകളിൽനിന്നും നിന്നും പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ നിലവിൽ പരിഗണനയിലുണ്ട്; വിശദമാക്കാമോ; ഓരോന്നിലും സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ;

(ബി) ഇതിൻ പ്രകാരം എത്ര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്നും സർവ്വീസുകൾ ആരംഭിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

## <u>മണ്ണാർക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള ബസ് സർവ്വീസ്</u>

5331 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ലോക്ക് ഡൗണിന് മുമ്പ് മണ്ണാർക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഒറ്റപ്പാലം വഴി തൃശ്ശൂരിലേക്കും കോട്ടയത്തേക്കും നടത്തിയിരുന്ന ബസ് സർവ്വീസ് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## <u>പയ്യന്നൂർ മണ്ഡലത്തിൽ ഗതാഗത വകുപ്പ് നടപ്പാക്കിയ പദ്ധതികൾ</u>

5332 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് ഗതാഗത വകുപ്പിന്റെ കീഴിൽ പയ്യന്നൂർ മണ്ഡല പരിധിയിൽ അനുവദിച്ച ഫണ്ടുകളും നടപ്പിലാക്കിയ പദ്ധതികളും എന്തൊക്കെയാണ് എന്നും ഓരോന്നിന്റെ നിലവിലെ അവസ്ഥയും അറിയിക്കാമോ?

## <u>ജലഗതാഗത മേഖല നവീകരിക്കുന്നതിന് നടപടി</u>

5333 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീമതി ദെലീമ**

**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**

**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക പ്രശ്നങ്ങളും അപകടങ്ങളും താരതമ്യേന കുറയ്ക്കുന്നതിനും, റോഡ് ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും വിനോദസഞ്ചാരികളെ ഏറെ ആകർഷിക്കുന്നതിനും ജലഗതാഗത മേഖല വഹിക്കുന്ന പങ്ക് പ്രത്യേകം പരിശോധിച്ചിട്ടുണ്ടോ;

(ബി) വെള്ളത്താൽ ചുറ്റപ്പെട്ട കുട്ടനാടൻ ഗ്രാമങ്ങളിലെയും പെരുമ്പളം പോലുള്ള ദ്വീപുകളിലെയും ഏക ഗതാഗത മാർഗ്ഗം എന്ന നിലയിൽ ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസുകൾ കൂട്ടുന്നതിനും വിനോദസഞ്ചാര മേഖലകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ജലഗതാഗത വകുപ്പിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതെന്ന് അറിയിക്കുമോ;

(ഡി) ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും, ഇന്ധന ഉപഭോഗത്തിന്റെയും സ്പെയർപാർട്സുകളുടെയും നിയന്ത്രണത്തിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്നും അതുവഴി ലഭിച്ച തുക എത്രയെന്നുമുള്ള വിശദാംശം അറിയിക്കാമോ?

## കൊറ്റി-കോട്ടപ്പുറം ജലപാത കാര്യക്ഷമമാക്കുന്നതിന് നടപടി

5334 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിൽ വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന കൊറ്റി-കോട്ടപ്പുറം ജലപാതയിൽ യാത്രാബോട്ടുകളുടെ അപര്യാപ്തത പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റൂട്ട് കാര്യക്ഷമമാക്കുന്നതിന് വകുപ്പ് എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചതെന്ന് വ്യക്തമാക്കാമോ?

## ജലഗതാഗത വകുപ്പിലെ ജീവനക്കാർ

5335 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ നിലവിലെ ജീവനക്കാർ എത്രയാണെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

(ബി) മിനിസ്റ്റീരിയൽ ജീവനക്കാരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണവും ഓരോ ഓഫീസിലെയും സ്റ്റാഫ് പാറ്റേണും വ്യക്തമാക്കാമോ;

(സി) ജലഗതാഗത വകുപ്പിലെ എത്ര സ്റ്റേഷനുകളിൽ കാഷ്യർ, ഓയിൽമാൻ, പമ്പ് ഓപ്പറേറ്റർ തസ്തികകളുണ്ടെന്നും ആയതിൽ എത്ര സ്റ്റേഷനുകളിൽ പ്രസ്തുത തസ്തികകളിൽ സ്ഥിരം ജീവനക്കാരുണ്ടെന്നും വ്യക്തമാക്കാമോ?

## എം.വി.ഡി. എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ

5336 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാമറ ഉപയോഗിച്ച് ഹെൽമെറ്റും സീറ്റ് ബെൽറ്റും ഉപയോഗിക്കാത്തത് പോലുള്ള നിയമലംഘനങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതും ആർ.ടി.ഒ. എൻഫോഴ്സ്മെന്റ് വേണ്ടവിധം ഉപയോഗപ്പെടുത്താത്തതും മൂലം മറ്റു തരത്തിലുള്ള നിയമലംഘനങ്ങൾ വർദ്ധിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് തരണം ചെയ്യാൻ എന്ത് നടപടി സ്വീകരിക്കുന്നുണ്ട്;

(ബി) ദേശീയ പാതാ ഗതാഗത സുരക്ഷക്കായി പ്രത്യേക എം.വി.ഡി. എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് പദ്ധതിയുണ്ടോ?

## മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്ന നടപടി

5337 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018-ൽ നിരത്തിലുള്ള ആകെ വാഹനങ്ങളുടെ എണ്ണം ഒരു കോടി ആയിരുന്നത് നിലവിൽ 1.75 കോടിയായി വർദ്ധിച്ച സാഹചര്യത്തിൽ മോട്ടോർ വാഹന വകുപ്പിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട് വകുപ്പിനെ ശക്തിപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ റോഡപകടങ്ങളും നിയമലംഘനങ്ങളും കുറയ്ക്കാനായി 2018-ൽ നടപ്പാക്കിയ "സേഫ് കേരള പദ്ധതി" യുടെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്ത കാരണത്താൽ പ്രതിദിനം എട്ട് മണിക്കൂർ മാത്രമാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥ ക്ഷാമം പരിഹരിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റിൽ നിന്നും, 198 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും 510 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള A1/171/2022-TC, A1/29/2024-TC നമ്പർ ശിപാർശകളിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ഡി) വാഹന ബാഹുല്യവും രാജ്യത്തെ ആകെ വാഹന അപകടങ്ങളുടെ 10 ശതമാനവും സംഭവിക്കുന്നത് ജനസംഖ്യയുടെ 2.7 ശതമാനം മാത്രമുള്ള കേരളത്തിലാണെന്ന വസ്തുതയും കണക്കിലെടുത്ത് മതിയായ തസ്തികകളും സാങ്കേതിക സൗകര്യങ്ങളും സൃഷ്ടിച്ച് മോട്ടോർ വാഹന വകുപ്പിനെ കാലാനുസൃതമായി നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി നടപടികൾ സ്വീകരിക്കാമോ?

## വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അച്ചടിക്കൽ

5338 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ അച്ചടി നടക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) ആർ.സി. ലഭിക്കാത്തതിനാൽ വാഹന ഉടമകൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ?

**എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം**

5339 **ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നിയമലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കേണ്ട മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം ഫലപ്രദമല്ല എന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) വാഹനത്തിന്റെ വേഗം നിയന്ത്രിക്കുന്ന ഇലക്ട്രോണിക് യൂണിറ്റിൽ മാറ്റം വരുത്തുന്ന വാഹന ഉടമകൾക്കെതിരെയും വർക്ക് ഷോപ് ഉടമകൾക്കെതിരെയും നടപടി സ്വീകരിക്കാറുണ്ടോയെന്ന് വിശദമാക്കുമോ;

(സി) മോട്ടോർ വാഹന നിയമ ലംഘനം നടത്തുന്നവർക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**ഡ്യൂട്ടി മാനേജ്മെന്റിന് മോട്ടോർ വാഹന വകുപ്പ് ആപ്പ്**

5340 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന പരിശോധനയ്ക്കായി ഫീൽഡിൽ ഇറങ്ങുന്ന ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി മാനേജ്മെന്റിനായി മോട്ടോർ വാഹന വകുപ്പ് പ്രത്യേക ആപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആപ്പുകളുടെ പ്രവർത്തനരീതി എന്താണ്; എന്തൊക്കെ കാര്യങ്ങളാണ് മോണിറ്റർ ചെയ്യപ്പെടുന്നത്; വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പ്രസ്തുത ക്രമീകരണം പ്രയോജനപ്പെട്ടതായി വിലയിരുത്തുന്നുണ്ടോ;

(സി) പ്രസ്തുത ആപ്പുകൾ തയ്യാറാക്കുന്നതിന് ആകെ എത്ര തുക ചെലവഴിച്ചു; ഏത് കമ്പനിയാണ് ആപ്പുകൾ തയ്യാറാക്കിയത്; കമ്പനിയെ തെരഞ്ഞെടുത്ത നടപടിക്രമം എന്താണ്; വിശദാംശം വ്യക്തമാക്കുമോ?

**മോട്ടോർ വാഹന വകുപ്പിന്റെ സേവനങ്ങൾ വേഗം ലഭ്യമാക്കാൻ നടപടി**

5341 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ മാത്യു ടി. തോമസ്**

**ശ്രീ കോവൂർ കുഞ്ഞുമോൻ**

**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ സേവനങ്ങൾ വേഗ ലഭ്യമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മോട്ടോർ വാഹന വകുപ്പിന്റെ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## ടാക്സ് ഇന്റലിജൻസ് വിങ്

5342 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ ടാക്സ് ഇന്റലിജൻസ് വിങ് രൂപീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) ടാക്സ് ഇന്റലിജൻസ് വിങിന്റെ പ്രവർത്തനം എപ്രകാരമായിരിക്കുമെന്ന് അറിയിക്കുമോ;

(സി) ഈ പ്രൊപ്പോസൽ നിലവിൽ ഏത് ഘട്ടത്തിലാണ്; ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെടേണ്ടതുണ്ടോ; വിശദമാക്കുമോ?

## ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രങ്ങൾ നിലനിർത്തുന്നതിന് നടപടി

5343 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി ജോയിന്റ് ആർ.ടി.ഒ. പരിധിയിൽ ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രങ്ങൾ നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി മുക്കം ഉൾപ്പടെയുള്ള ഡ്രൈവിംഗ് ടെസ്റ്റ് കേന്ദ്രങ്ങൾ നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ഷാർജ മോഡൽ ഇന്റർനാഷണൽ ഡ്രൈവിംഗ് ആന്റ് കോച്ചിംഗ് സെന്റർ

5344 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർദേശീയ ഡ്രൈവിംഗ് പരിശീലനം സാധ്യമാക്കുന്നതിന് വേണ്ടി ഗതാഗത വകുപ്പ് മലപ്പുറത്ത് അനുവദിച്ച ഷാർജ മോഡൽ ഇന്റർ നാഷണൽ ഡ്രൈവിംഗ് ആന്റ് കോച്ചിംഗ് സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതികൾ വ്യക്തമാക്കാമോ;

(ബി) 20.01.2020-ാം തീയതിയിലെ ജി.ഒ.(സാധാ) No.24/2020/ട്രാൻസ്. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനു സ്ഥലം ലഭ്യമായിട്ടുണ്ടോ; പദ്ധതി നടപ്പിലാക്കുന്നതിന് എത്രയാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(സി) ഷാർജ മോഡൽ ഇന്റർ നാഷണൽ ഡ്രൈവിംഗ്ആന്റ് കോച്ചിങ് സെന്ററിനു കീഴിൽ എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാവുകയെന്നും പ്രസ്തുത കേന്ദ്രം എത്രയും വേഗം ആരംഭിക്കുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കാമോയെന്നും വ്യക്തമാക്കുമോ?

**മഞ്ചേശ്വരം താലൂക്കിലെ കുമ്പളയിൽ ജോയിന്റ് ആർ.ടി.ഒ. ഓഫീസ്**

5345 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിലെ കുമ്പളയിൽ ജോയിന്റ് ആർ.ടി.ഒ. ഓഫീസ് തുടങ്ങുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ജോയിന്റ് ആർ.ടി.ഒ. ഓഫീസ് എപ്പോൾ യാഥാർത്ഥ്യമാകുമെന്ന് വിശദമാക്കാമോ?

**മീറ്ററിട്ടില്ലെങ്കിൽ യാത്ര സൗജന്യം എന്ന സ്റ്റിക്കർ പതിച്ചുള്ള യാത്ര**

5346 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മീറ്റർ പ്രവർത്തിപ്പിക്കാതെ സർവീസ് നടത്തുന്ന ഓട്ടോറിക്ഷകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 'മീറ്ററിട്ടില്ലെങ്കിൽ യാത്ര സൗജന്യം' എന്ന സ്റ്റിക്കർ ഓട്ടോറിക്ഷകളിൽ പതിപ്പിക്കുവാനുള്ള മോട്ടോർ വാഹന വകുപ്പിന്റെ തീരുമാനത്തിന്റെ പ്രത്യാഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനം നടപ്പാക്കും മുമ്പ് തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്യുവാനും അശാസ്ത്രീയ തീരുമാനങ്ങൾ പുനഃപരിശോധിക്കുവാനും നടപടി സ്വീകരിക്കുമോ;

(സി) അപ്രായോഗികവും ജനാധിപത്യ വിരുദ്ധവും തൊഴിലാളി ദ്രോഹപരവുമായ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ഇത്തരം തീരുമാനങ്ങൾ പിൻവലിക്കുവാൻ നിർദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

**വാഹനങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം**

5347 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർവാഹന ചട്ടമനുസരിച്ച് സർക്കാർ വകുപ്പുകൾ ഉൾപ്പെടെയുള്ള വിവിധ വിഭാഗങ്ങളുടെ വാഹനങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുന്നതിന് മാനദണ്ഡം നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം വാഹനങ്ങളിൽ ബോർഡ് സ്ഥാപിക്കുവാൻ അനുമതിയുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ;

(ബി) സ്വകാര്യ സംഘടനകളും സ്ഥാപനങ്ങളും തങ്ങളുടെ വാഹനങ്ങളിൽ ബോർഡ് സ്ഥാപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് മോട്ടോർവാഹന ചട്ടങ്ങളിലെ മാനദണ്ഡ പ്രകാരമാണോ എന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ പ്രസ്തുത വാഹന ഉടമകൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

## **കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂളുകൾ**

5348 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ ചെലവിൽ മികച്ച പഠനം നൽകുന്ന കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂളുകൾ ആദ്യ ഘട്ടത്തിൽ എവിടെയെല്ലാമാണ് ആരംഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## **ആർ.സി. ബുക്ക് ഡൗൺലോഡ് ചെയ്യാൻ സംവിധാനം**

5349 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 01.03.2025 മുതൽ വാഹനങ്ങളുടെ ആർ.സി. ബുക്കിന്റെ പ്രിന്റിംഗ് അവസാനിപ്പിച്ച സാഹചര്യത്തിൽ വാഹന ഉടമകൾക്ക് സുഗമമായി ആർ.സി. ബുക്ക് ഡൗൺലോഡ് ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇപ്രകാരം ആർ.സി. ബുക്ക് ഡൗൺലോഡ് ചെയ്യുന്നതിന് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഓൺ ലൈൻ സേവനങ്ങൾ സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; ആർ.സി. ബുക്ക് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്ന രീതി ജനങ്ങളുടെ ഇടയിൽ വേണ്ടത്ര പ്രചരണം നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) നിലവിലെ കണക്കുകൾ പ്രകാരം ഇനി എത്ര ആർ.സി ബുക്കുകൾ പ്രിന്റ് ചെയ്ത് നൽകാനുണ്ടെന്നും ഇവ എന്നു മുതലുള്ളതാണെന്നും അറിയിക്കുമോ; പ്രസ്തുത ആർ.സി. ബുക്കുകൾ എന്നത്തേക്ക് പ്രിന്റ് ചെയ്ത് നൽകാനാവുമെന്ന് വ്യക്തമാക്കുമോ?

## **വാഹനം പൊളിക്കൽ കേന്ദ്രങ്ങൾ**

5350 **ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് കേന്ദ്രസർക്കാരിന്റെ വാഹനം പൊളിക്കൽ നയവുമായി ബന്ധപ്പെട്ട് കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ തീരുമാനം എടുത്തിട്ടുള്ളതെന്നും അതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുമോ;

(ബി) വാഹനം പൊളിക്കൽ കേന്ദ്രം തുടങ്ങുന്നതിന്റെ മാനദണ്ഡങ്ങൾ, ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ഇവയ്ക്കായി ടെണ്ടർ നടപടികളിലൂടെ കണ്ടെത്തുന്ന കമ്പനിക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ എന്നിവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; വാഹന പൊളിക്കലുമായി ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിച്ച കമ്പനികൾക്ക് പദ്ധതി നടത്തിപ്പിന് മുൻഗണന ഉണ്ടാവുമോ എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പൊളിക്കൽ കേന്ദ്രങ്ങൾ എന്നത്തേക്ക് തുടങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

## **കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂളുകൾ**

5351 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കാൻ പോകുന്നത്; വ്യക്തമാക്കാമോ?

**<u>ഡിജിറ്റൽ സംവിധാനത്തിലൂടെ ആർ.സി. ബുക്കും ഡ്രൈവിംഗ് ലൈസൻസും</u>**

5352 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിൽ നിന്ന് നൽകുന്ന വാഹനങ്ങളുടെ ആർ.സി. ബുക്ക്, ഡ്രൈവിംഗ് ലൈസൻസ് തുടങ്ങിയവ പൂർണ്ണമായും ഡിജിറ്റൽ സംവിധാനത്തിലൂടെയാണോ നൽകുന്നത്; വ്യക്തമാക്കാമോ;

(ബി) ആർ.സി. ബുക്കും ഡ്രൈവിംഗ് ലൈസൻസും പ്രിന്റ് ചെയ്തു നൽകിയിരുന്നപ്പോൾ സ്വീകരിച്ചിരുന്ന സർവീസ് ചാർജ്ജും തപാൽ ചാർജ്ജും ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറിയപ്പോൾ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) ഹൈപ്പോത്തിക്കേഷൻ ടെർമിനേഷൻ, ഹൈപ്പോത്തിക്കേഷൻ നോട്ടിംഗ്, പേരുമാറ്റം തുടങ്ങി ഒറ്റ സർവീസ് ചാർജ് ആയിരുന്നവ ഡിജിറ്റൽ കാർഡ് സംവിധാനത്തിലേക്ക് മാറിയപ്പോൾ ഓരോന്നിനും പ്രത്യേകമായി സർവീസ് ചാർജ് ഈടാക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) വാഹനങ്ങളുടെ ആർ.സി. ബുക്ക് പൂർണ്ണമായും ഡിജിറ്റൽ സംവിധാനത്തിലൂടെ നൽകുമ്പോൾ ഡിജിറ്റൽ കാർഡ് ആക്കുന്നതിനായി പി.ഡി.എഫ്. ആയോ ഇമേജ് ആയോ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം പരിവാഹൻ ആപ്പിൽ ഒരുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഒരുക്കുമോ; വിശദമാക്കാമോ?

**<u>റോഡ് സേഫ്റ്റി ഫണ്ട്</u>**

5353 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റോഡ് സേഫ്റ്റി ഫണ്ടിൽ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

**<u>മദ്യം, മറ്റ് ലഹരിവസ്തുക്കൾ എന്നിവയുടെ ഉപയോഗം മൂലമുണ്ടായ വാഹനാപകടങ്ങൾ</u>**

5354 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 മുതൽ നാളിതുവരെ മദ്യമോ മറ്റ് ലഹരിവസ്തുക്കളോ ഉപയോഗിച്ചതിന് ശേഷം വാഹനം ഓടിച്ചത് മൂലം നടന്ന റോഡ് അപകടങ്ങളുടെ

എണ്ണം വർഷം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം നടന്ന റോഡ് അപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം വർഷം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(സി) മദ്യമോ മറ്റ് ലഹരിവസ്തുക്കളോ ഉപയോഗിച്ചതിന് ശേഷം വാഹനം ഓടിക്കുകയാണെങ്കിൽ നൽകുന്ന ശിക്ഷ എന്താണെന്ന് അറിയിക്കാമോ;

(ഡി) മദ്യമോ മറ്റ് ലഹരിവസ്തുക്കളോ ഉപയോഗിച്ചതിന് ശേഷം വാഹനം ഓടിച്ച കാരണത്താൽ 2021 മുതൽ നാളിതുവരെ നിയമനടപടികൾ നേരിട്ടവരുടെ എണ്ണം വർഷം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ഇ) ഇവരിൽ ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം വർഷം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

## ഡ്രൈവിംഗ് സ്കൂളുകളിൽ ഫീസ് ഇളവ്

5355 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂളുകളിൽ എസ്.സി./എസ്.റ്റി വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് ഫീസ് ഇളവ് ലഭ്യമാണോ; വ്യക്തമാക്കാമോ?

## ആർ.ടി.ഒ. ചെക്ക്പോസ്റ്റുകൾ

5356 **ശ്രീ. റോജി എം. ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അതിർത്തികളിൽ പ്രവർത്തിച്ചിരുന്ന ആർ.ടി.ഒ. ചെക്ക്പോസ്റ്റുകൾ അടച്ചുപൂട്ടിയതിനാൽ നികുതി ഇനത്തിൽ സർക്കാരിന് നഷ്ടം സംഭവിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ സത്യാവസ്ഥ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വിവിധ ആർ.ടി.ഒ. ചെക്ക്പോസ്റ്റുകളിൽ നിന്നും ഈ സർക്കാരിന്റെ ഭരണകാലത്ത് ഓരോ സാമ്പത്തിക വർഷവും ലഭിച്ച വരുമാനം ഇനം തിരിച്ച് വ്യക്തമാക്കുമോ?

## റോഡുകളിലെ വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കുന്നതിന് നടപടികൾ

5357 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. സി.സി. മുകുന്ദൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ഗതാഗത വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ വാഹനങ്ങളുടെ അമിതവേഗം മൂലം ഉണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് സർക്കാർ ഒരുക്കിയിട്ടുള്ള നിരീക്ഷണ സംവിധാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റോഡുകളിൽ വാഹനങ്ങളുടെ അമിതവേഗം നിരീക്ഷിക്കുന്നതിന് നിലവിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) അമിതവേഗത മൂലം ഉണ്ടാകുന്ന അപകടങ്ങളിൽ കാരണക്കാരാകുന്നവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) വാഹനങ്ങളുടെ വേഗം നിരീക്ഷിക്കുന്നതിന് ജിയോ ഫെൻസിങ് സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## വാമനപുരം മണ്ഡലത്തിലെ പി.എം.ജെ.വി.കെ. പദ്ധതികൾ

5358 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാമനപുരം മണ്ഡലത്തിൽ പി.എം.ജെ.വി.കെ. പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയിൽ അംഗീകാരം ലഭിച്ചതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

## ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി

5359 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകളുടെ എണ്ണം വർധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

5360 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്; ഓരോ സ്കോളർഷിപ്പിലും ഓരോ വിദ്യാർത്ഥിയ്ക്കും എത്ര തുക വീതമാണ് വിതരണം ചെയ്തിട്ടുള്ളത്; വിവിധ സ്കോളർഷിപ്പ് പദ്ധതികളുടെ അടിസ്ഥാനത്തിൽ വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) ഏതെങ്കിലും വർഷം മുൻ വർഷത്തെക്കാൾ കുറവ് എണ്ണം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം ഏതെല്ലാം സ്കോളർഷിപ്പ് പദ്ധതികളുടെ തുക വിതരണം ചെയ്തിട്ടുണ്ട്; ഇനി ഏതെല്ലാം വിതരണം ചെയ്യാനുണ്ട്; യഥാസമയം

സ്കോളർഷിപ്പുകൾ വിതരണം ചെയ്യാത്തതിന്റെ കാരണം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**ഒറ്റപ്പാലം മണ്ഡലത്തിലെ പി.എം.ജെ.വി.കെ. പദ്ധതി**

5361 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഒറ്റപ്പാലം മണ്ഡലത്തിൽ നിന്ന് പി.എം.ജെ.വി.കെ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പാലക്കാട് ജില്ലാ പ്ലാനിങ്ങ് ഓഫീസിൽ ലഭിച്ച പ്രൊജക്റ്റ് പ്രൊപ്പോസലുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പിന്റെ പദ്ധതികൾ**

5362 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും അവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്നും അവയിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ലക്ഷ്യം**

5363 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത് എന്താണെന്ന് വ്യക്തമാക്കാമോ; പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി നിലവിൽ തുടരുന്നുണ്ടോ; എങ്കിൽ 2024-25 വർഷത്തിൽ എത്ര ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഈ പദ്ധതിയിലൂടെ ഫണ്ട് അനുവദിച്ച കളിക്കളങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**പൂഞ്ഞാർ മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

5364 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതു മുതൽ പൂഞ്ഞാർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഹെൽത്തി കിഡ്സ്, ഗോൾ എന്നീ പദ്ധതികൾ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

**<u>മാവേലിക്കര മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി</u>**

5365 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി ഏതെല്ലാം കളിസ്ഥലങ്ങളാണ് തെരെഞ്ഞെടുത്തിട്ടുള്ളതെന്നും പ്രസ്തുത സ്ഥലങ്ങളിൽ തയ്യാറാക്കുന്ന ഗ്രൗണ്ടുകളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

**<u>പയ്യന്നൂർ മണ്ഡലത്തിൽ കായിക വകുപ്പ് അനുവദിച്ച പദ്ധതികൾ</u>**

5366 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പയ്യന്നൂർ മണ്ഡലത്തിൽ കായിക വകുപ്പ് അനുവദിച്ച ഫണ്ടും, നടപ്പിലാക്കിയ പദ്ധതികളും, ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**<u>പഴമ്പാലക്കോട് എസ്.എം.എം.എച്ച്.എസ്. സ്കൂൾ ഗ്രൗണ്ട് നവീകരണം</u>**

5367 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ പഴമ്പാലക്കോട് എസ്.എം.എം.എച്ച്.എസ്.സ്കൂൾ ഗ്രൗണ്ട് നവീകരണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>അഴിമതിമുക്ത കായികമേഖല സൃഷ്ടിക്കുന്നതിന് നടപടി</u>**

5368 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുശക്തവും അഴിമതിമുക്തവുമായ കായികമേഖല സൃഷ്ടിച്ചുകൊണ്ട് ഈ രംഗത്തെ സമഗ്രമായി പുനർനിർവ്വചിക്കുന്നതിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നയപരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കായികമേഖലയിൽ അധിഷ്ഠിതമായ ഒരു സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**<u>പുതുക്കോട് പഞ്ചായത്ത് ഗ്രൗണ്ട് നവീകരണം</u>**

5369 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ പുതുക്കോട് പഞ്ചായത്ത് ഗ്രൗണ്ട് നവീകരണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**<u>കോട്ടക്കൽ മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ</u>**

5370 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളും അവയുടെ പുരോഗതിയും വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) കോട്ടക്കൽ മണ്ഡലത്തിൽ പൊന്മള പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അതിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>കായിക വിദ്യാർത്ഥികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി</u>**

5371 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനത്തിന് നടപ്പ് സാമ്പത്തിക വർഷം ഗ്രാന്റ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് വകയിരുത്തിയതെന്നും അതിൽ എത്ര തുക അനുവദിച്ചുവെന്നും അറിയിക്കാമോ; യഥാസമയം തുക അനുവദിക്കാത്തത് മൂലം ഹോസ്റ്റലുകളിൽ കഴിയുന്ന കായിക താരങ്ങൾക്ക് ഭക്ഷണം പോലും നൽകാൻ കഴിയാത്ത സ്ഥിതിവിശേഷം നിലവിലുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) താത്കാലിക അധ്യാപകർക്കും ഹോസ്റ്റൽ വാർഡന്മാർക്കും പാചകക്കാർക്കും ശമ്പളം കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര മാസത്തെ കുടിശികയാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(സി) സ്പോർട്സ് കൗൺസിലിന് കീഴിൽ എത്ര സ്ഥിരം കായിക അധ്യാപകരാണ് നിലവിലുള്ളതെന്നും എത്ര അധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും ഈ ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതും കായികതാരങ്ങൾക്ക് മതിയായ സൗകര്യം ലഭിക്കാത്തതും മൂലം കായിക വിദ്യാർത്ഥികൾ അന്യസംസ്ഥാനങ്ങളിലേയ്ക്ക് ചേക്കേറുമെന്ന ആശങ്ക പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം

5372 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് എത്ര ഗ്രൗണ്ടുകൾ, സ്റ്റേഡിയങ്ങൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ, സിമ്മിംഗ് പൂളുകൾ എന്നിവ ഉണ്ടെന്നും അവ ഏതൊക്കെ ജില്ലകളിൽ സ്ഥിതി ചെയ്യുന്നുവെന്നും അറിയിക്കാമോ;

(ബി) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന എത്ര കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകളും, സ്കൂൾ/കോളേജുകളിലായി പ്രവർത്തിക്കുന്ന എത്ര സ്പോർട്സ് ഹോസ്റ്റലുകളും നിലവിലുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(സി) ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന താരങ്ങൾക്ക് പരിശീലനം നൽകുന്നതിന് വേണ്ടി മൂന്നാറിൽ നിർമ്മിക്കുന്ന അത്യന്താധുനിക കായിക സമുച്ചയത്തിന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; ഇത് എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ;

(ഡി) 2023 ഒക്ടോബറിൽ ഗോവയിൽ നടന്ന 37-ാമത് ദേശീയ ഗെയിംസിൽ കേരളത്തിനുവേണ്ടി മെഡൽ നേടിയ കായിക താരങ്ങൾക്ക് പ്രഖ്യാപിച്ച ക്യാഷ് അവാർഡ് മുഴുവൻ നൽകിയോ; ഇല്ലെങ്കിൽ ഇനി എത്ര പേർക്ക് നൽകാനുണ്ടെന്ന് അറിയിക്കുമോ;

(ഇ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്കും കൗൺസിലിന്റെ അംഗീകാരമുള്ള കായിക സംഘടനകൾക്കും സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വരുന്ന ജില്ലാ സ്പോർട്സ് കൗൺസിലുകൾക്കും കൊടുക്കാനുള്ള കുടിശ്ശിക എത്രയെന്ന് അറിയിക്കാമോ;

(എഫ്) സ്പോർട്സ് കൗൺസിലിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളത്തിന്റെയും വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ ആനുകൂല്യങ്ങളുടെയും കുടിശ്ശിക എത്രയാണെന്ന് അറിയിക്കുമോ;

(ജി) സംസ്ഥാന സ്പോർട്സ് കൗൺസിലിലും ജില്ലാ സ്പോർട്സ് കൗൺസിലിലുമായി സർക്കാർ അനുവദിച്ചിട്ടുള്ള സ്ഥിരം സ്റ്റാഫുകളുടെയും താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സ്റ്റാഫുകളുടെയും വിശദാംശങ്ങൾ തസ്തികയുടെ പേര്, അനുവദിച്ച എണ്ണം, നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം, ഒഴിവുകളുടെ എണ്ണം എന്നിവ തിരിച്ച് ലഭ്യമാക്കുമോ?

## സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

5373 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികവകുപ്പിനു കീഴിലായി എത്ര സ്പോർട്സ് ഹോസ്റ്റലുകൾ നിലവിലുണ്ട്; എത്ര വിദ്യാർത്ഥികളാണ് പ്രസ്തുത സ്പോർട്സ് ഹോസ്റ്റലുകളിൽ പഠിക്കുന്നത്;

(ബി) സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**മുഞ്ഞക്കണ്ണി സ്റ്റേഡിയം നിർമ്മാണം**

5374 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തിലെ കാരാകുറിശ്ശി പഞ്ചായത്തിൽ അനുവദിച്ചിട്ടുള്ള മുഞ്ഞക്കണ്ണി സ്റ്റേഡിയം നിർമ്മാണത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**പുനലൂർ ഇൻഡോർ സ്റ്റേഡിയം**

5375 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ ഇൻഡോർ സ്റ്റേഡിയം പ്രവർത്തനം ആരംഭിക്കുന്നതിന്റെ ഭാഗമായി അടിയന്തരമായി സ്ഥാപിക്കേണ്ട ഉപകരണങ്ങൾ സംബന്ധിച്ച് കിറ്റ്കോ സമർപ്പിച്ച എസ്റ്റിമേറ്റിന് എസ്.കെ.എഫ്. ടെണ്ടർ കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ടോ; കമ്മിറ്റിയുടെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശവും ആയതിനുള്ള തുകയും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ അംഗീകാരത്തിനാവശ്യമായ വിവരങ്ങൾ കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ടോയെന്നും പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ?

**ഇരിമ്പിളിയം സ്റ്റേഡിയം നിർമ്മാണം**

5376 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; സ്റ്റേഡിയത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**ചെറുവാടി സ്റ്റേഡിയം നിർമ്മാണം**

5377 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ അനുവദിക്കപ്പെട്ട കൊടിയത്തൂർ പഞ്ചായത്തിലെ ചെറുവാടി സ്റ്റേഡിയം നിർമ്മാണത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്നും എപ്പോൾ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

## പുറമേരി ഇൻഡോർ സ്റ്റേഡിയം നിർമ്മാണം

5378 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറമേരി ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന്റെ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രവൃത്തിയുടെ ഡി.പി.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## ഹജ്ജ് തീർത്ഥാടകരുടെ ഉയർന്ന വിമാന നിരക്ക് കുറയ്ക്കാൻ ഇടപെടൽ

5379 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിപ്പൂർ വിമാനത്താവളത്തിൽ നിന്ന് ഹജ്ജിനു പോകുന്ന തീർത്ഥാടകർക്ക് ഏർപ്പെടുത്തിയിട്ടുള്ള ഉയർന്ന വിമാന നിരക്ക് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് മറുപടി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത ഉയർന്ന വിമാന നിരക്ക് കുറയ്ക്കുന്നതിനായി സംസ്ഥാന സർക്കാരിന് എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് അറിയിക്കാമോ?

## കേരളത്തിൽ നിന്നുള്ള ഹജ്ജ് തീർത്ഥാടകർ

5380 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്ന് ഇത്തവണ സർക്കാരിന്റെ ആഭിമുഖ്യത്തിലും സ്വകാര്യ ഗ്രൂപ്പുകളിലും ഹജ്ജിന് പോകുന്നവർ എത്രവീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ ഗ്രൂപ്പുകളിൽ പോകുന്ന ഹജ്ജ് തീർത്ഥാടകർക്കും സർക്കാരിന്റെ ആഭിമുഖ്യത്തിൽ പോകുന്ന ഹജ്ജ് തീർത്ഥാടകർക്കും പ്രയാസങ്ങൾ ഉണ്ടായാൽ സർക്കാർ ഏതെല്ലാം രീതിയിലാണ് ഇടപെടാറുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിൽ എത്ര ഹജ്ജ് എംബാർക്കേഷൻ പോയിന്റുകൾ ഉണ്ടെന്നും അവിടങ്ങളിൽ ഹജ്ജ് തീർത്ഥാടകരിൽ നിന്ന് ഈടാക്കുന്ന വിമാനക്കൂലി എത്രവീതമാണെന്നും വ്യക്തമാക്കാമോ; വിമാനക്കൂലിയിൽ അസമത്വമുണ്ടെങ്കിൽ

അവസാനിപ്പിക്കാൻ സർക്കാർ ഇടപെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; ഈ അസമത്വത്തിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

## സിൽവർ ലൈൻ പദ്ധതി പി.പി.പി. മോഡലിൽ നടപ്പാക്കുന്നത് സംബന്ധിച്ച്

5381 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ നിർദ്ദിഷ്ട തിരുവനന്തപുരം- കാസർഗോഡ് സിൽവർ ലൈൻ പദ്ധതിയുടെ നിർമ്മാണ നടപടികളുമായി മുന്നോട്ടുപോകാൻ ഉദ്ദേശിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ തുടർ നടപടികൾ ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഒരു പി.പി.പി. (പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ പ്രോജക്ട്) പദ്ധതിയായി നടപ്പിലാക്കുന്നതിന് സമ്മതമാണെന്ന് കേരള സർക്കാർ ഇതിനോടകം കേന്ദ്രസർക്കാരിനോ റെയിൽവേ അധികൃതർക്കോ കത്ത് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ അതിന്റെ ഉടമസ്ഥത എപ്രകാരമായിരിക്കുമെന്ന് വിശദമാക്കാമോ?

## കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

5382 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ആർ.ഡി.സി.എൽ.-ന്റെ ഭരണ മേൽനോട്ടത്തിനായുള്ള ബോർഡിന്റെ ഘടനയും ബോർഡ് മെമ്പർമാരുടെ പേരും ഔദ്യോഗികമായി അവർ വഹിക്കുന്ന സ്ഥാനവും അവർ ഓരോരുത്തരും ആരുടെ (സംസ്ഥാന സർക്കാർ/ കേന്ദ്രസർക്കാർ/ റെയിൽവേ തുടങ്ങിയവ) പ്രതിനിധി ആണെന്നും അവർ ഓരോരുത്തരും കെ.ആർ.ഡി.സി.എൽ.-ൽ സ്ഥാനമേറ്റതുമുതൽ നാളിതുവരെ അവർക്ക് ഓരോരുത്തർക്കും വിവിധ ഇനങ്ങളിൽ കെ.ആർ.ഡി.സി.എൽ.-ൽ നിന്നും എത്ര രൂപ വീതം നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) കെ.ആർ.ഡി.സി.എൽ.-ൽ ജീവനക്കാരായി ഇപ്പോൾ എത്ര പേരാണ് സേവനമനുഷ്ഠിക്കുന്നതെന്നും ഇവരിൽ സ്ഥിര നിയമനം നൽകപ്പെട്ടിട്ടുള്ളവർ എത്രയെന്നും താൽക്കാലിക നിയമനം നൽകപ്പെട്ടിട്ടുള്ളവർ എത്രയെന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ ആരെല്ലാമെന്നും അവർ ഏത് സ്ഥാപനങ്ങളിൽ നിന്നും നിയമിക്കപ്പെട്ടിട്ടുള്ളവരാണെന്നും വിശദമാക്കാമോ?

## സിൽവർ ലൈൻ അലൈൻമെന്റ്

5383 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ൽ കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി നൽകിയതിനു ശേഷം സിൽവർ ലൈൻ അലൈൻമെൻറ് പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## സിൽവർ ലൈൻ പദ്ധതിയ്ക്ക് വേണ്ടിയുള്ള സാമൂഹ്യാഘാത പഠനം

5384 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിക്ക് വേണ്ടി ഒരു അംഗീകൃത ഏജൻസിയെക്കൊണ്ട് സമഗ്രമായ ഒരു സാമൂഹ്യാഘാത പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയ ഏജൻസിയുടെ വിശദാംശവും, അടങ്കൽ തുകയും നാളിതുവരെ ചെലവാക്കിയിട്ടുള്ള തുകയും എത്രയെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത ഏജൻസി പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## സിൽവർ ലൈൻ പദ്ധതിക്കുവേണ്ടി നടത്തിയ പാരിസ്ഥിതിക പഠനം

5385 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതിയ്ക്കുവേണ്ടി ദ്രുത പാരിസ്ഥിതിക പഠനം അല്ലാതെ ഏതെങ്കിലും ഒരു അംഗീകൃത ഏജൻസിയെ കൊണ്ട് സമഗ്രമായ ഒരു പാരിസ്ഥിതിക പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനം നടത്താനായി ചുമതലപ്പെടുത്തിയ ഏജൻസിയുടെ വിശദാംശവും അടങ്കൽ തുകയും നാളിതുവരെ ചെലവാക്കിയ തുകയും എത്രയെന്നും അവർ പ്രസ്തുത റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്നും എങ്കിൽ എന്നാണ് നൽകിയതെന്നും വ്യക്തമാക്കാമോ;

(സി) റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## സിൽവർ ലൈൻ പദ്ധതിക്കു വേണ്ടി നടത്തിയ പഠനങ്ങൾ

5386 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ആർ.ഡി.സി.എൽ-ന്റെ ഭരണ മേൽനോട്ടത്തിനായി രൂപവത്ക്കരിച്ചിട്ടുള്ള ബോർഡിന്റെ ഘടനയും ബോർഡ് മെമ്പർമാരുടെ പേരും ഔദ്യോഗികമായി അവർ വഹിക്കുന്ന സ്ഥാനവും അവർ ഓരോരുത്തരും ഏത് സർക്കാരുകളുടെ പ്രതിനിധികളാണെന്നും സ്ഥാനമേറ്റതു മുതൽ ഓരോരുത്തർക്കും നാളിതു വരെ കെ.ആർ.ഡി.സി.എല്ലിൽ നിന്നും എത്ര രൂപ വീതം നല്കിയിട്ടുണ്ടെന്നും തരം തിരിച്ച് വിശദമാക്കാമോ;

(ബി) കെ.ആർ.ഡി.സി.എൽ-ൽ ഇപ്പോൾ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും സ്ഥിര നിയമനം ലഭിച്ചവർ എത്രയെന്നും താത്ക്കാലിക നിയമനം ലഭിച്ചവർ എത്രയെന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ എത്ര പേരുണ്ടെന്നും ഇവർ ഏത് സ്ഥാപനങ്ങളിൽ നിന്നും നിയമിക്കപ്പെട്ടിട്ടുള്ളവരാണെന്നുമുള്ള വിശദാംശം തരം തിരിച്ച് ലഭ്യമാക്കാമോ;

(സി) സിൽവർ ലൈൻ പദ്ധതിയ്ക്കുവേണ്ടി ദ്രുത പാരിസ്ഥിതിക പഠനം അല്ലാതെ ഏതെങ്കിലും ഒരു അംഗീകൃത ഏജൻസിയെ കൊണ്ട് സമഗ്രമായ ഒരു പാരിസ്ഥിതിക പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠനം നടത്തിയ

ഏജൻസിയുടെ വിശദാംശവും അടങ്കൽ തുകയും നാളിതുവരെ ചെലവാക്കിയിട്ടുള്ള തുകയും എത്രയാണന്നും അവർ പ്രസ്തുത റിപ്പോർട്ട് ഏതു തീയതിയിൽ നൽകിയിട്ടുണ്ടെന്ന വിവരവും റിപ്പോർട്ടിന്റെ പകർപ്പ് സഹിതം വിശദമാക്കാമോ;

(ഡി) സിൽവർ ലൈൻ പദ്ധതിയ്ക്കുവേണ്ടി ഒരു അംഗീകൃത ഏജൻസിയെ കൊണ്ട് സമഗ്രമായ ഒരു സാമൂഹ്യാഘാത പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠനം നടത്തിയ ഏജൻസിയുടെ വിശദാംശവും അടങ്കൽ തുകയും നാളിതുവരെ ചെലവാക്കിയിട്ടുള്ള തുകയും എത്രയാണന്നും അവർ പ്രസ്തുത റിപ്പോർട്ട് ഏതു തീയതിയിൽ നൽകിയിട്ടുണ്ടെന്ന വിവരവും റിപ്പോർട്ടിന്റെ പകർപ്പ് സഹിതം വിശദമാക്കാമോ?

## സിൽവർ ലൈൻ പദ്ധതിയുടെ നിർമ്മാണ നടപടികൾ

5387 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട തിരുവനന്തപുരം-കാസർഗോഡ് സിൽവർ ലൈൻ പദ്ധതിയുടെ നിർമ്മാണ നടപടികളുമായി മുന്നോട്ടു പോകാൻ ഉദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ തുടർനടപടികൾ ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഒരു പി.പി.പി. (പബ്ളിക്ക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ പ്രോജക്ട്) ആക്കുന്നതിന് സമ്മതമാണെന്ന് കാട്ടി ഇതിനോടകം കേന്ദ്ര സർക്കാരിനോ റെയിൽവെ അധികൃതർക്കോ കത്ത് നല്കിയിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് സഹിതം വിശദമാക്കാമോ;

(സി) നിർമ്മാണം പൂർത്തിയാകുമ്പോൾ പദ്ധതിയുടെ ഉടമസ്ഥത എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) 2020-ൽ കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി നൽകിയതിനുശേഷം സിൽവർ ലൈൻ അലൈൻമെന്റ് പുതുക്കിയിട്ടുണ്ടെങ്കിൽ പുതുക്കിയ അലൈൻമെന്റ്-ന്റെ പകർപ്പ് സഹിതം വിശദമാക്കാമോ?

## തൂണേരി ബ്ലോക്കിൽ പശുക്കളുടെ വന്ധ്യതാ ക്ലിനിക്

5388 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനിതക മേന്മയുള്ള പശുക്കളുടെ ഉല്പാദനക്ഷമത വർധിപ്പിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം നാദാപുരം മണ്ഡലത്തിലെ തൂണേരി ബ്ലോക്കിൽ വന്ധ്യതാ ക്ലിനിക് അനുവദിക്കാൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## കൊല്ലം ജില്ലയിലെ ആംബുലേറ്ററി ക്ലിനിക്കിന്റെ പ്രവർത്തനം

5389 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ ആംബുലേറ്ററി ക്ലിനിക് പ്രവർത്തനം

ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം സേവനങ്ങളാണ് ഇതിലൂടെ ലഭ്യമാക്കുന്നത്; പ്രസ്തുത ക്ലിനിക്കിന്റെ പ്രവർത്തനം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

**കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള മൃഗസംരക്ഷണ പദ്ധതികൾ**

5390 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണ വകുപ്പിന് കീഴിൽ കുന്നത്തുനാട് മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുക പ്രസ്തുത മണ്ഡലത്തിൽ ചെലവഴിച്ചുവെന്ന് പദ്ധതികൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ വകുപ്പ് മുഖേന പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പിനു കീഴിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ഏറനാട് മണ്ഡലത്തിലെ മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ**

5391 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറനാട് മണ്ഡലത്തിൽ മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ എടവണ്ണ ഹാച്ചറിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**കയ്പമംഗലം മണ്ഡലത്തിലെ മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ**

5392 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കയ്പമംഗലം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**തീറ്റപ്പുൽ, കാലിത്തീറ്റ ഉത്പാദനം മെച്ചപ്പെടുത്താൻ നടപടി**

5393 **ശ്രീ എം രാജഗോപാലൻ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. എ. രാജ**

**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികൾക്ക് ആവശ്യമായ നാരടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾ, തീറ്റപ്പുൽ എന്നിവ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) തീറ്റപ്പുൽ ലഭ്യതയിലെ കുറവ് കണക്കിലെടുത്ത് ഉല്പാദനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തിന് ആവശ്യമായ കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതിന് പ്രത്യേകമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് കാർഷിക-കാലാവസ്ഥാ മേഖലകൾക്ക് അനുയോജ്യമായ പുതിയ ഇനം കാലിത്തീറ്റകൾ കണ്ടെത്തുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ

5394 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ഏതെല്ലാം പഞ്ചായത്തുകളിലും നഗരസഭയിലുമാണ് ലഭ്യമാകുന്നതെന്ന് വിശദീകരിക്കാമോ;

(ബി) ഏതെല്ലാം സേവനങ്ങളാണ് പ്രസ്തുത യൂണിറ്റിൽ നിന്നും ലഭ്യമാകുന്നതെന്നും നാളിതുവരെ ഗുരുവായൂർ മണ്ഡലത്തിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നും സേവനം സഹിതം വിശദമാക്കാമോ?

## ഗോസമൃദ്ധി പദ്ധതി

5395 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോസമൃദ്ധി എൻ.എൽ.എം. ഇൻഷുറൻസ് പദ്ധതി എന്താണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര വർഷത്തേക്കാണ് ഉരുക്കളെ ഇൻഷ്വർ ചെയ്യുന്നതെന്ന് വിശദീകരിക്കാമോ; ജനറൽ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കർഷകർക്കായി പ്രത്യേകമായി പാക്കേജ് നിലവിലുണ്ടോ;

(സി) പ്രസ്തുത പദ്ധതിയിൽ ഗുണഭോക്തൃവിഹിതമായി എത്ര രൂപയാണ് അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയിൽ കർഷകന് അപകട ഇൻഷ്വറൻസ് ഉണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

## മൃഗസംരക്ഷണ വകുപ്പിലെ പദ്ധതികൾ

5396 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മൃഗസംരക്ഷണ വകുപ്പിൽ വിവിധ ബഡ്ജറ്റുകളിലായി പ്രഖ്യാപിക്കപ്പെട്ട പുതിയ പദ്ധതികളോ പരിപാടികളോ നടപ്പാക്കാൻ കഴിയാതെ പോയിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ കഴിയാത്തതിന്റെ ഫലമായി എത്ര തുക ലാപ്സായിപ്പോയെന്ന് അറിയിക്കാമോ;

(സി) എന്തെല്ലാം പുതിയ കർമ്മപദ്ധതികളാണ് പ്രസ്തുത വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഇറച്ചിക്കോഴിയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത

5397 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ആവശ്യമായ ഇറച്ചിക്കോഴിയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഇറച്ചിക്കോഴി കർഷകരെ സഹായിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) കോഴിത്തീറ്റ ഉത്പാദിപ്പിക്കുന്നതിനും അത് കർഷകർക്ക് എത്തിക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ

5398 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടക്കോഴികളുടെയും കോഴിമുട്ടയുടെയും ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## കേരള ചിക്കൻ പദ്ധതി

5399 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചു വരുന്ന ഇറച്ചിക്കോഴി വിലയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനായി ആരംഭിച്ച 'കേരള ചിക്കൻ' പദ്ധതി ഏതൊക്കെ ജില്ലയിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ശുദ്ധമായ കോഴി ഇറച്ചിയുടെ ലഭ്യത ഉറപ്പുവരുത്താൻ ഈ പദ്ധതി വഴി കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

## കന്നുകാലി ഇൻഷ്വറൻസ്

5400 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിന് പണം അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ അനുവദിക്കുന്ന തുക ഓരോ മൃഗാശുപത്രിക്കും കീഴിലുള്ള കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിന് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തുക വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വെറ്ററിനറി പബ്ലിക് ഹെൽത്ത് വിഭാഗം

5401 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച വെറ്ററിനറി പബ്ലിക് ഹെൽത്ത് വിഭാഗത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(ബി) രാത്രികാല അടിയന്തര വെറ്ററിനറി സേവനം നടത്തുന്ന ഡോക്ടർമാർക്കും അനുബന്ധ ജീവനക്കാർക്കും മൊബൈൽ വെറ്ററിനറി യൂണിറ്റിലെ ഡോക്ടർമാർക്കും അനുബന്ധ ജീവനക്കാർക്കും യഥാസമയം ശമ്പളം കിട്ടുന്നുണ്ടോ എന്ന വിവരം അറിയിക്കുമോ;

(സി) വർഷങ്ങളായി അനിമൽ ബർത്ത് കൺട്രോൾ നടത്തിയിട്ടും തെരുവ് നായ പ്രശ്നം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന് കാരണം എ.ബി.സി. നിയമങ്ങളിലെ അശാസ്ത്രീയതയാണോ എന്ന് വ്യക്തമാക്കുമോ; മറ്റെന്തെങ്കിലും കാരണങ്ങളുണ്ടോ എന്ന് വിശദമാക്കുമോ?

## പാലക്കാട് ജില്ലയിൽ മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ

5402 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ എവിടെയൊക്കെയാണ് നിലവിൽ പ്രവർത്തിച്ചു വരുന്നതെന്നും എന്തൊക്കെ സേവനങ്ങളാണ് പ്രസ്തുത ക്ലിനിക്കുകളിൽ നിന്ന് ലഭിക്കുന്നതെന്നും അറിയിക്കാമോ?

## ചാവക്കാട് വെറ്ററിനറി പോളിക്ലിനിക്

5403 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വെറ്ററിനറി പോളിക്ലിനിക് ഇല്ലാത്ത ഏക താലൂക്കായ ചാവക്കാട് താലൂക്കിൽ വെറ്ററിനറി പോളിക്ലിനിക് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എ.ബി.സി. അടക്കം വിവിധ സേവനങ്ങൾ നൽകുന്ന ചാവക്കാട് വെറ്ററിനറി ഡിസ്പെൻസറിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കാസർഗോഡ് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ

5404 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ മൊബൈൽ ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് വളർത്തുമൃഗങ്ങളുടെ പരിപാലനത്തിന് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് (കെയർ ഹോം) പദ്ധതി ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) ജില്ലയിൽ പുതുതായി വെറ്ററിനറി ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## കുറ്റ്യാടി വെറ്റിനറി സബ്സെന്റർ

5405 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഗ്രാമപഞ്ചായത്തിലെ വെറ്റിനറി സബ് സെന്ററിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് വർഷങ്ങളായെങ്കിലും പ്രവർത്തനക്ഷമമാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നിരവധി ക്ഷീരകർഷകർക്ക് ആശ്വാസമാകുന്ന ഈ സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## വനിതാ സംരംഭകർക്ക് പോത്തിൻകുട്ടികളെ നൽകുന്ന പദ്ധതി

5406 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയും സംസ്ഥാന വനിതാ വികസന കോർപ്പറേഷനും കൂടി സഹകരിച്ച് വനിതാ സംരംഭകർക്ക് പോത്തിൻകുട്ടികളെ നൽകുന്ന പദ്ധതിയനുസരിച്ച് ഈ സർക്കാർ കാലയളവിൽ എത്ര പേർക്ക് സാമ്പത്തിക സഹായങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## നിരണം ഡക്ക് ഫാം

5407 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പക്ഷിപ്പനിയെ തുടർന്ന് അടച്ച തിരുവല്ല മണ്ഡലത്തിലെ നിരണം ഡക്ക് ഫാം തുറന്ന് പ്രവർത്തനം തുടങ്ങുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെന്നും എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നും വിശദമാക്കാമോ?

## ഗോ സമൃദ്ധി പദ്ധതി

5408 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോ സമൃദ്ധി പദ്ധതി എന്താണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ഇൻഷ്വറൻസ് നടത്തിപ്പിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; പദ്ധതിക്ക് വേണ്ടി വരുന്ന ഇൻഷ്വറൻസ് പ്രീമിയം ഓരോ കന്നുകാലികൾക്കും എത്ര വീതമാണെന്ന് വിശദമാക്കാമോ?

## അരുവിക്കര മണ്ഡലത്തിൽ മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

5409 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെയും ക്ഷീരവികസന വകുപ്പിന്റെയും കീഴിൽ അരുവിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളും ചെലവായ തുകയും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

## വാമനപുരം മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി

5410 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ക്ഷീരഗ്രാമം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ പുതുതായി ഏതെങ്കിലും പഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## ക്ഷീരഗ്രാമം പദ്ധതി

5411 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതി ഏത് വർഷം മുതലാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്തുകളുടെ മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## ക്ഷീര സാന്ത്വനം ഇൻഷ്വറൻസ് പദ്ധതി

5412 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര സാന്ത്വനം ഇൻഷ്വറൻസ് പദ്ധതിയിൽ ഗുരുവായൂർ മണ്ഡലത്തിൽ നിന്നും എത്രപേർ ഉൾപ്പെട്ടിട്ടുണ്ടെന്നും ഇവരിൽ എത്ര കർഷകർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിച്ചുവെന്നും വിശദമാക്കാമോ;

(ബി) ക്ഷീരകർഷക ക്ഷേമനിധിയിലെ എല്ലാ അംഗങ്ങളേയും പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ ക്ഷീരസഹകരണ സംഘങ്ങൾ

5413 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ നിലവിൽ എത്ര ക്ഷീര സഹകരണ സംഘങ്ങളാണ് പ്രവർത്തിച്ചുവരുന്നത്; അവയിൽ ലാഭത്തിൽ പ്രവർത്തിച്ച വരുന്ന ക്ഷീര സഹകരണ സംഘങ്ങൾ ഏതൊക്കെ; വിശദമാക്കാമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന ക്ഷീരസഹകരണ സംഘങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

**മൂർക്കനാട് ഡയറിയുടെ പ്രവർത്തനങ്ങൾ**

5414 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂർക്കനാട് ഡയറിയും പാൽപ്പൊടി നിർമ്മാണ യൂണിറ്റും സംസ്ഥാനത്തെ ക്ഷീര വികസന മേഖലയ്ക്ക് ഏതെല്ലാം രീതിയിൽ ഗുണകരമാവുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നാളിതുവരെ എന്തെല്ലാം തരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് ഇവിടെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളതെന്നും നിലവിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത യൂണിറ്റിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് അവശേഷിക്കുന്നത്; ഇതിനായി എത്ര തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഏത് രീതിയിൽ തുക വകയിരുത്താൻ കഴിയുമെന്നാണ് കരുതുന്നതെന്നും വ്യക്തമാക്കുമോ?

**കാസർഗോഡ് ജില്ലയിൽ പാലുല്പാദനത്തിലുണ്ടായ വർദ്ധനവ്**

5415 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ കാസർഗോഡ് ജില്ലയിൽ പാൽ ഉത്പാദനത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലേക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും പ്രതിദിനം എത്ര ലിറ്റർ പാൽ വരുത്തുന്നുണ്ടെന്ന് അറിയിക്കുമോ?

**പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ**

5416 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തനക്ഷമമായ എത്ര പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ക്ഷീര സഹകരണ സംഘങ്ങൾക്ക് വേണ്ടി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

## കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലെ സ്റ്റോർ/പർച്ചേസ് മാനേജർ നിയമനം

5417 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലെ സ്റ്റോർ/പർച്ചേസ് മാനേജർ തസ്തികയിലേയ്ക്കുള്ള ആദ്യ നിയമനം ഏത് കമ്മ്യൂണിറ്റിക്ക് അനുവദിക്കപ്പെട്ടുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും 2027-നുള്ളിൽ എത്ര ഒഴിവുകൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും വ്യക്തമാക്കുമോ;

(സി) മിൽമയിലെ പ്രസ്തുത തസ്തികയിലെ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലെ സ്റ്റോർ/പർച്ചേസ് മാനേജർ തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് തന്നെയാണോ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾക്ക് സാധ്യതയുള്ള കാര്യാലയങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

## കന്നുകാലി പ്രജനന നയം

5418 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക കന്നുകാലി പ്രജനന നയത്തിന് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രസ്തുത നയം എത്രത്തോളം സഹായകമാണ്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ കാലാവസ്ഥാവ്യതിയാനവും വിഭവലഭ്യതയും കണക്കിലെടുത്ത് കന്നുകാലി പ്രജനന നയം കാലോചിതമായി മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## ക്ഷീരഗ്രാമം പദ്ധതി

5419 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം പഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
13-03-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].